# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 511 — 17.07.2008 ൽ മറുപടിയ്ക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിനുള്ള ടൈംടേബിൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സുധാകരൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.കെ.അച്ചുതൻ | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിന് ടൈംടേബിൾ നിശ്ചയിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതുവരെ നിശ്ചയിക്കാത്ത പക്ഷം അതിനുദ്ദേശമുണ്ടോ; | (ബി) | പ്രസക്തമല്ല. |
| (സി) | ഇതനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ അവയുടെ പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ട അവസാന തീയതി എന്നാണ്; | (സി) | 2008-09 വാർഷിക പദ്ധതിയ്ക്ക് രണ്ടുഘട്ടങ്ങളായാണ് അംഗീകാരം നേടുന്നത്. ഒന്നാംഘട്ട പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങേണ്ട അവസാന തീയതി 31.05.2008 ആയിരുന്നു. രണ്ടാംഘട്ട പ്രോജക്ടുകളും 2008-09 വാർഷിക പദ്ധതിയും പൂർണ്ണമാക്കി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ജൂലൈ 21-നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | അത് അംഗീകരിച്ച് തിരികെ കൊടുക്കേണ്ട അവസാന തീയതി എന്നാണ്; | (ഡി) | ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും പദ്ധതിക്ക് ആഗസ്റ്റ് 5-നകവും ജില്ലാപഞ്ചായത്തുകളുടേയും കോർപ്പറേഷനുകളുടേയും പദ്ധതിക്ക് ആഗസ്റ്റ് 10-നകവും അംഗീകാരം നൽകുന്ന തരത്തിലാണ് ടൈംടേബിൾ നിശ്ചയിച്ചിട്ടുള്ളത്. |
| (ഇ) | പദ്ധതി നടത്തിപ്പിനുള്ള പണം എത്ര ഗഡുവായാണ് കൊടുക്കുന്നത്; | (ഇ) | ഒരു വർഷത്തെ പദ്ധതി നടത്തിപ്പിനുള്ള വിഹിതം മേയ് മുതൽ ഫെബ്രുവരി വരെ പത്ത് പ്രതിമാസ തുല്യഗഡുക്കളായാണ് അനുവദിക്കുന്നത്. |
| (എഫ്) | ഓരോ ഗഡുവും ഏതു തീയതിക്ക് മുമ്പായാണ് കൊടുക്കുന്നത്? | (എഫ്) | ഓരോ മാസവും അഞ്ചാം തീയതിക്ക് മുമ്പ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
8-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 512 17.7.2008-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സി.എൻ.ജി ഉപയോഗിക്കാൻ നടപടി

<u>ചോദ്യം</u>

ശ്രീ. എം. ഹംസ
ശ്രീ. ടി.പി.കുഞ്ഞുണ്ണി
ശ്രീ. സി.എച്ച്. കുഞ്ഞമ്പു
ശ്രീ. ബാബു എം. പാലിശ്ശേരി
ശ്രീ. വി. ശശികുമാർ

<u>ഉത്തരം</u>

ശ്രീ. മാത്യു ടി. തോമസ്
(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ബസ്സുകളിൽ ഡീസലിന് പകരം സി.എൻ.ജി. ഉപയോഗിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ, എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | സി.എൻ.ജി. ഇപ്പോൾ കേരളത്തിൽ ലഭ്യമല്ല. എന്നാൽ ഇത് ലഭ്യമാകുന്ന മുറയ്ക്ക് ആദ്യപടിയായി 1,500 ബസ്സുകളിൽ സി.എൻ.ജി ഉപയോഗിച്ച് ഓടിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി 260 കോടി രൂപയുടെ പദ്ധതി 13-ാം ഫിനാൻസ് കമ്മീഷന് നൽകുന്നതിനായി കെ.എസ്.ആർ.ടി.സി സർക്കാരിന് സമർപ്പിക്കുകയും അത് സംസ്ഥാന ധനകാര്യ വകുപ്പ് പരിശോധിച്ചു വരികയുമാണ്. സി.എൻ.ജി. ഉപയോഗിച്ചാൽ പ്രധാനമായും ഉണ്ടാകുന്ന പ്രയോജനം അന്തരീക്ഷ മലിനീകരണം മറ്റ് ഇന്ധനങ്ങളെ അപേക്ഷിച്ച് വളരെ കുറയുമെന്നതാണ്. എന്നാൽ സി.എൻ.ജി. യുള്ള ബസ്സുകളുടെ ചേസ്സിസ്സുകൾക്ക് ഡീസൽ ഉപയോഗിക്കുന്ന ചേസ്സിസ്സുകളെക്കാൾ ഏഴ് (7) ലക്ഷം രൂപ കൂടുതലായി വരും. ആയതിനാൽ ഇതിന് |

| | | | |
|---|---|---|---|
| | | | വേണ്ടി വരുന്ന മൂലധനം കൂടുതലാണ്.<br><br>സി.എൻ.ജി അല്ലാതെ എൽ.എൻ.ജി ഉപയോഗിച്ച് വാഹനങ്ങൾ ഓടിക്കുന്നതിന് റഷ്യൻ സർക്കാരിന്റെ പങ്കാളിത്തമുള്ള ഒരു കമ്പനിയുടെ നിർദ്ദേശം കിട്ടിയിട്ടുണ്ട്. ഫസ്റ്റ് പ്ളാന്റ് എൻജിനീയറിംഗ് എന്ന പേരിലുള്ള ഈ കമ്പനിക്ക് റഷ്യയിൽ എൽ.എൻ.ജി ഉപയോഗിച്ച് ബസ്സുകൾ ഓടിക്കുന്നതിനുള്ള സാങ്കേതിക ജ്ഞാനം ഉണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. എൽ.എൻ.ജി ഉപയോഗിച്ച് വാഹനങ്ങൾ ഓടിക്കുന്നതിന് ഇന്ത്യയിൽ സാങ്കേതിക ജ്ഞാനം വികസിപ്പിച്ച് എടുത്തിട്ടില്ല. ഈ സാങ്കേതിക ജ്ഞാനം ഇന്ത്യയിലെ ആട്ടോമൊബൈൽ റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യ അംഗീകരിച്ച് സെൻട്രൽ മോട്ടോർ വെഹിക്കിൾ റൂൾ-ൽ ആവശ്യമായ ഭേദഗതി വരുത്തിയാൽ മാത്രമേ ഇന്ത്യയിൽ ഇത് നടപ്പിലാക്കാൻ കഴിയൂ. ഇതു സംബന്ധിച്ച് സാങ്കേതികവും അല്ലാതെയുമുള്ള കാര്യങ്ങൾ കൂടുതലായി പരിശോധിക്കുന്നതിന് നോഡൽ ഏജൻസിയായ തിരുവനന്തപുരത്തെ എനർജി മാനേജ്മെന്റ് സെന്റർ -നെ ഏൽപ്പിച്ചിരിക്കുകയാണ്. ഈ സാങ്കേതിക വിദ്യ ലഭ്യമായാൽ ഡീസൽ എൻജിൻ ഉപയോഗിച്ചു |

| | | | |
|---|---|---|---|
| | | | തന്നെ പുതിയ കിറ്റ് ഉപയോഗിച്ച് എൽ.എൻ.ജി കൂടി ഉപയോഗിക്കാൻ ആകും. എൽ.എൻ.ജി യും ഇപ്പോൾ കേരളത്തിൽ ലഭ്യമല്ല. പുതുവൈപ്പിനിലെ എൽ.എൻ.ജി ടെർമിനൽ യാഥാർത്ഥ്യമായാൽ മാത്രമേ ഇവിടെ എൽ.എൻ.ജി വ്യാപാരാടിസ്ഥാനത്തിൽ ലഭ്യമാകൂ. |
| (ബി) | ഈ പദ്ധതി നടപ്പിലാക്കിയാൽ കോർപ്പറേഷന് പ്രതിവർഷം എന്ത് ലാഭമുണ്ടാകും; | (ബി) | സി.എൻ.ജി ഉപയോഗിച്ച് വാഹനം ഓടിച്ചാൽ ശരാശരി ഡീസലിനെ അപേക്ഷിച്ച് പത്ത് (10) ശതമാനം ലാഭമുണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്. ഇന്നത്തെ സ്ഥിതിയിൽ ഏകദേശം നാനൂറ്റി മുപ്പത് (430) കോടി രൂപയുടെ ഡീസലാണ് പ്രതിവർഷം കോർപ്പറേഷന് വേണ്ടിവരുന്നത്. സി.എൻ.ജി ഉപയോഗിച്ച് ഓടിക്കുകയാണെങ്കിൽ ഏകദേശം നാൽപ്പത്തിമൂന്ന് (43) കോടി രൂപയുടെ ലാഭം പ്രതിവർഷം ഉണ്ടാകും.<br><br>എന്നാൽ എൽ.എൻ.ജി ഉപയോഗിച്ചാൽ 430 കോടി രൂപയുടെ ഡീസലിന്റെ സ്ഥാനത്ത് നൂറ്റി എഴുപത്തിരണ്ട് (172) കോടി രൂപയുടെ എൽ.എൻ.ജി മതിയാകും. അതായത്, ഡീസലിന്റെ ചെലവിന്റെ 40% മാത്രമേ എൽ.എൻ.ജി ഉപയോഗിച്ചാൽ ആവുകയുള്ളൂ. ഇപ്പോഴത്തെ നിലയിൽ 258 കോടി രൂപയുടെ ലാഭം പ്രതീക്ഷിക്കാവുന്നതാണ്. |
| (സി) | ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള | (സി) | സി.എൻ.ജി യുടെ വാഹനങ്ങൾ വാങ്ങാൻ |

| | | | |
|---|---|---|---|
| | സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | | ലഭ്യമാണെങ്കിലും കേരളത്തിൽ സി.എൻ.ജി ലഭ്യമല്ലാത്തതിനാൽ ഇപ്പോൾ സി.എൻ.ജി ഉപയോഗിച്ച് വാഹനങ്ങൾ ഓടിക്കാൻ ആകില്ല. ഇക്കാര്യത്തിൽ പൈപ്പ് ലൈൻ മുഖാന്തിരം കൃഷ്ണ-ഗോദാവരി ബേസിനുകളിൽ നിന്നോ, മറ്റ് മേഖലകളിൽ നിന്നോ സി.എൻ.ജി ലഭ്യമായാൽ മാത്രമേ ഇത് കെ.എസ്.ആർ.ടി.സി യിൽ ഇന്ധനമായി ഉപയോഗിക്കാനാവൂ. 13-ാം ഫൈനാൻസ് കമ്മീഷന്റെ സമയത്തെങ്കിലും ഇത് ലഭ്യമാകുകയാണെങ്കിൽ ഈ പദ്ധതി നടപ്പാക്കുന്നതിനായാണ് ഇരുനൂറ്റി എൺപത് (280) കോടി രൂപയുടെ സി.എൻ.ജി. ബസ്സുകൾ വാങ്ങാനുള്ള നിർദ്ദേശം സംസ്ഥാന സർക്കാർ പരിശോധിച്ചു വരുന്നത്.<br><br>എൽ.എൻ.ജി ഉപയോഗിച്ച് ഡീസൽ എൻജിനിൽ തന്നെ കിറ്റ് പുതുതായി ഘടിപ്പിച്ച് ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി തിരുവനന്തപുരത്തുള്ള |

| | | | |
|---|---|---|---|
| | | | എനർജി മാനേജ്മെന്റ് സെന്ററിനെയാണ് നിശ്ചയിച്ചിട്ടുള്ളത്. |
| (ഡി) | ഇപ്പോഴുണ്ടായ ഡീസൽ വില വർദ്ധനവിന്റെ ഫലമായി കെ.എസ്.ആർ.ടി.സി ക്ക് പ്രതിമാസം എന്ത് അധികബാദ്ധ്യത ഉണ്ടായിട്ടുണ്ട്? | (ഡി) | 6.6.2006-ൽ വന്ന ഡീസൽ വിലവർദ്ധയുടെ ഫലമായി പ്രതിമാസം മൂന്ന് കോടി മുപ്പത്തിയഞ്ച് ലക്ഷം (3.35 കോടി) രൂപയുടെ വർദ്ധനവാണ് കെ.എസ്.ആർടിസി.ക്ക് വന്നിട്ടുള്ളത്. എന്നാൽ, 25.11.2005 നു ശേഷം ഉണ്ടായിട്ടുള്ള വില വർദ്ധനവ് കണക്കിലെടുക്കുമ്പോൾ നാല് കോടി തൊണ്ണൂറ്റി നാല് ലക്ഷം (4.94 കോടി) രൂപയുടെ പ്രതിമാസ അധിക ബാദ്ധ്യതയാണ് കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 513 17.07.2008 -ന് മറുപടിക്ക്

പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് സന്നദ്ധ സേന.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.രാജൻ<br>ശ്രീ.വി.എസ്.സുനിൽകുമാർ<br>ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീ.കെ.അജിത്<br>ശ്രീ.കെ.രാജു. | ശ്രീ.കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |

......

| | |
|---|---|
| (എ) പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് സന്നദ്ധ സേന രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; | (എ) പ്രകൃതി ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി പഞ്ചായത്ത് പ്രസിഡൻറിന്റെ മേൽനോട്ടത്തിൽ പഞ്ചായത്ത് സെക്രട്ടറി കൺവീനറായി എല്ലാ വില്ലേജുകളിലും വില്ലേജ് തല സന്നദ്ധ കർമ്മസേന രൂപീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കർമ്മ സേനയിൽ നാഷണൽ സർവ്വീസ് സ്കീം, നെഹ്റു യുവകേന്ദ്ര, എൻ.സി.സി, സ്കൂൾ കോളേജുകളിലെ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ഡോക്ടർമാർ, എഞ്ചിനീയർമാർ എൻ.ജി.ഒ മറ്റു സന്നദ്ധ സംഘടനകൾ തുടങ്ങിയ വിവിധ മേഖലകളിൽ നിന്നുള്ളവർ അംഗങ്ങളാണ്. കൂടാതെ ഇവർക്ക് ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പരിശീ |

ലനം നൽകുന്നതിനുവേണ്ടി മുഖ്യ ഏജൻസിയായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിലെ ദുരന്ത നിവാരണ ഫാക്കൽറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ സേനയുടെ പരിശീലനത്തിനായി സംസ്ഥാന സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിക്ക് എവിടെ നിന്നെല്ലാം എന്തെല്ലാം സഹായമാണ് ലഭിക്കുന്നതെന്നും പ്രവർത്തന രീതി എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ ?

(ബി)യും (സി)യും സംസ്ഥാനത്ത് ഒരു സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

പ്രധാനമായും യുദ്ധകാലത്ത് സൈന്യത്തെ സഹായിക്കുന്നതിന് രൂപീകൃതമായതാണ് സിവിൽ ഡിഫൻസ് സംവിധാനം. എന്നാൽ ആഗോള വ്യാപകമായി യുദ്ധ ഭീഷണി ഇല്ലാത്ത സാഹചര്യം സംജാതമായിട്ടുണ്ടെങ്കിലും പ്രകൃതി ദുരന്തങ്ങളും മനുഷ്യ നിർമ്മിത ദുരന്തങ്ങളും തീവ്രവാദവുമെല്ലാം ഭീഷണിയുയർത്തുന്ന ഇക്കാലത്ത് സിവിൽ ഡിഫൻസിന്റെ പ്രസക്തി വർദ്ധിച്ചിരിക്കുന്നു. ഏതൊരു ദുരന്തവും ആത്യന്തികമായി സമൂഹത്തെയാണ് പ്രതികൂലമായി ബാധിക്കുന്നത് എന്നതിനാൽ അത്തരം അവസരങ്ങളിൽ അവരെ രക്ഷപ്പെടുത്തുന്നതിനും മുൻകരുതൽ നടപടികൾ എടുക്കുന്നതിനും ദുരന്തത്തെക്കുറിച്ച് സമൂഹത്തെ ബോധവത്കരിക്കുന്നതിനും സിവിൽ ഡിഫൻസ് സേനക്ക് നല്ലൊരു പങ്ക് വഹിക്കാനാവും.

നിരവധി പ്രകൃതി ദുരന്തങ്ങൾ നേരിടുന്ന സംസ്ഥാനമെന്ന നിലയിൽ ഇത്തരമൊരു സേനയുടെ സാന്നിദ്ധ്യം കേരളത്തിൽ ആവശ്യമാണ്. അപ്രകാരം സിവിൽ ഡിഫൻസ് സേനയെ സജ്ജമാക്കുന്നതിനുള്ള പരിശീലനം നൽകുകയാണ് സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശം.

കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ നിർദ്ദേശ പ്രകാരം രാജ്യത്തെ സിവിൽ ഡിഫൻസ് സംവിധാനം ശക്തിപ്പെടുത്താനും സംസ്ഥാനങ്ങളിൽ സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിനെ കുറിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ദേശീയ ദുരന്ത നിവാരണ അതോറിറ്റി അംഗം ശ്രീ.കെ.എം. സിംഗിന്റെ നേതൃത്വത്തിൽ ഉന്നതതല സമിതിയെ നിയമിക്കുകയുണ്ടായി. 2006 ഡിസംബറിൽ ഈ സമിതി അവരുടെ ശുപാർശകൾ സമർപ്പിച്ചു. കേരളമുൾപ്പെടെ 18 സംസ്ഥാനങ്ങളിൽ സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. ഇവ സ്ഥാപിക്കുന്നതിന് കേന്ദ്രസഹായം ലഭ്യമാക്കണമെന്നും ശുപാർശയുണ്ട്.

അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ മുഴുവൻ ചെലവും ആദ്യത്തെ 5 വർഷക്കാലത്തെ

ആവർത്തന ചെലവും കേന്ദ്രം വഹിക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

ഈ ശുപാർശകൾ കേന്ദ്ര സർക്കാരും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയും അംഗീകരിച്ചിട്ടുണ്ട്. ഇക്കാര്യം ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുമായി തിരുവനന്തപുരത്ത് 2008 ജനുവരിയിൽ നടത്തിയ ഒരു ചർച്ചയിൽ ഉന്നയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 514 17-07-08 ൽ മറുപടിക്ക്**

ഭാഗ്യക്കുറി വിൽപന നടത്തുന്നവർക്ക് ക്ഷേമനിധി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. വി.സുരേന്ദ്രൻപിള്ള | ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭാഗ്യക്കുറി വിൽപന നടത്തുന്നവർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാന ഭാഗ്യക്കുറി വിൽപന നടത്തുന്നവരെ മാത്രമാണോ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് ;അതോ മറ്റ് സംസ്ഥാനങ്ങളിലെ ലോട്ടറി വിൽപന നടത്തുന്നവരെ കൂടി ഉൾപ്പെടുത്തുമോ ; | (ബി) നിശ്ചിത തുകയ്ക്കുള്ള കേരള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ പ്രതിമാസം വിൽപ്പന നടത്തുന്നവരെ മാത്രമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. |
| (സി) പ്രസ്തുത ക്ഷേമനിധിയുടെ വിശദവിവരം നൽകാമോ ? | (സി) ക്ഷേമനിധിയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1) സംസ്ഥാന ഭാഗ്യക്കുറിയുടെ ഏജന്റുമാരേയും, ടിക്കറ്റ് വിൽപ്പനക്കാരേയും ആയിരിക്കും പദ്ധതിയിൽ അംഗങ്ങളാക്കുന്നത്.<br>2) കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ ഒരു നിശ്ചിത എണ്ണത്തിൽ കുറയാതെയുള്ള ടിക്കറ്റുകൾ പ്രതിമാസം വിൽപ്പന നടത്തുന്ന ഏജന്റുമാർക്കും, വിൽപ്പനക്കാർക്കും മാത്രമായിരിക്കും അംഗത്വം നൽകുക.<br>3) അംഗങ്ങളായി ചേരുന്നവർ മാസവരി സംഖ്യയായി 50/-രൂപ ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടതാണ്.<br>4) ക്ഷേമനിധി ഫണ്ടിലേയ്ക്ക് ഭാഗ്യക്കുറി വകുപ്പിന്റെ വാർഷിക വിറ്റു വരവിന്റെ 1% സർക്കാർ വിഹിതമായി നീക്കി |

വയ്ക്കുന്നതായിരിക്കും.

5) നിലവിലുള്ള 1991ലെ കേരള ലോട്ടറി ഏജന്റ്സ് വെൽഫയർ ഫണ്ട് ഈ പദ്ധതിയിൽ ലയിപ്പിക്കുന്നതാണ്.

6) പദ്ധതി നടത്തിപ്പിനായി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്. ടി കമ്മിറ്റിയിൽ സർക്കാർ പ്രതിനിധികളും സർക്കാരേതര പ്രതിനിധികളും ഉണ്ടായിരിക്കുന്നതാണ്. ഇവരിൽ നിന്നും ഒരാളെ സർക്കാർ കമ്മിറ്റി ചെയർമാനായി നിയമിക്കുന്നതാണ്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറായിരിക്കും പദ്ധതിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

7) ക്ഷേമനിധിയിലെ അംഗങ്ങൾ സർക്കാർ അംഗീകരിക്കുന്ന സ്കീം അനുസരിച്ചുള്ള ധന സഹായങ്ങൾക്ക് അർഹരായിരിക്കും.

Chandrika

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 516 — 17.7.2008ൽ മറുപടിക്ക്

## ഭൂനയം

ചോദ്യം

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
ശ്രീ.പി.വിശ്വൻ,
ശ്രീ.പി.ജയരാജൻ,
ശ്രീ.കെ.കെ.ജയചന്ദ്രൻ,
ശ്രീ.എസ്.രാജേന്ദ്രൻ.

ഉത്തരം

ശ്രീ.കെ.പി.രാജേന്ദ്രൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സർക്കാരിന്റെ ഭൂനയം പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) സംസ്ഥാന സർക്കാരിന്റെ ഭൂനയം പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി ഭൂനയത്തിന്റെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>ഭൂമിയുടെ വിനിയോഗത്തെ സംബന്ധിച്ച് വികസനത്തിലധിഷ്ഠിതമായ കാഴ്ചപ്പാടും നയവും രൂപീകരിക്കുക, സംസ്ഥാനത്തിന്റെ പൊതു സ്വത്തുക്കളുടെ സംരക്ഷകൻ എന്ന നിലയിൽ പൊതു സ്വത്തായ ഭൂമി സംരക്ഷിക്കുക, ഭൂപരിഷ്കരണ നിയമവും ചട്ടങ്ങളും ലംഘിച്ചു കൊണ്ടുള്ള ഭൂമി കൈമാറ്റങ്ങൾ തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുക, വിവിധ തരത്തിൽ സർക്കാരിന്റെ കൈവശത്തിലുള്ള ഭൂമി സംരക്ഷിക്കുന്നതിനായി സംസ്ഥാനത്ത് കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് രൂപീകരിക്കുക, പട്ടണ പ്രദേശങ്ങളിലെ റവന്യൂ ഭൂമി സംരക്ഷിക്കുന്നതിനും ഫലപ്രദമായി ഉപയോഗിക്കുന്നതിനും സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുക, അന്യ സംസ്ഥാനങ്ങളിലുള്ള സംസ്ഥാന സർക്കാരിന്റെ പൊതു സ്വത്ത് സംരക്ഷിക്കുക, ആയത് ഫലപ്രദമായി വിനിയോഗിക്കുക, മിച്ചഭൂമി കേസുകൾ സമയബന്ധിതമായി തീർപ്പ് കല്പിച്ച് മിച്ച ഭൂമി ഏറ്റെടുക്കുക, ഭാവിയിൽ വ്യവസായങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ഭൂമി അനുവദിക്കുമ്പോൾ ഉടമസ്ഥാവകാശം സർക്കാരിൽ |

| | |
|---|---|
| | നിക്ഷിപ്തമാക്കുക, പാട്ടം നൽകിയിട്ടുള്ള ഭൂമിയുടെ പാട്ടത്തുക കൃത്യമായി ഈടാക്കുക, നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുക, ഭൂമി പതിവ് ചട്ടങ്ങൾ കർശനമായി നടപ്പിലാക്കുക, പുറമ്പോക്ക് ഭൂമി കൈയ്യേറ്റങ്ങളിൽ നിന്ന് മുക്തമാക്കുക തുടങ്ങിയ നിരവധി നിർദ്ദേശങ്ങൾ കരട് ഭൂനയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>ഭൂനിയത്തിന്റെ കരട് രേഖ വിശദമായ ചർച്ചകൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ചർച്ചകളിൽ ഉരുത്തിരിയുന്ന ആശയങ്ങൾ കൂടി ഉൾക്കൊള്ളിച്ചു കൊണ്ട് ഭൂനയത്തിന് അന്തിമ രൂപം നൽകാനും അത് നിയമസഭയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനും ഉദ്ദേശമുണ്ട്. |
| (ബി) റവന്യൂ - വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കി അർഹരായ മലയോര കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (ബി) റവന്യൂ - വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കുന്നതിനും അർഹരായ മലയോര കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിച്ചു വരികയാണ്. സംയുക്ത പരിശോധന പൂർത്തിയാക്കുവാൻ അവശേഷിക്കുന്ന ജില്ലകളിൽ ആയത് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) എത്ര ഏക്കർ ഭൂമിയാണ് സംയുക്ത പരിശോധന നടത്താനുള്ളത് ; | (സി) ജില്ലാ കളക്ടർമാരിൽ നിന്നും ലഭ്യമായിട്ടുള്ള സ്ഥിതിവിവര കണക്ക് പ്രകാരം സംസ്ഥാനത്ത് സംയുക്ത പരിശോധന നടത്തുവാനുണ്ടെന്ന് കണക്കാക്കിയിട്ടുള്ള ആകെ ഭൂമിയുടെ വിസ്തീർണ്ണം 48933.35257 ഹെക്ടർ ആണ്. ഇതിൽ 31889.7968 ഹെക്ടർ ഭൂമിയിൽ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) ഭൂനയം അനുസരിച്ചുള്ള പരിപാടികൾ നടപ്പാക്കുന്നതിന് നിയമ നിർമ്മാണം ആവശ്യമായി വരുമോ എന്നു പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) പരിശോധിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 516 — 17.7.2008ൽ മറുപടിക്ക്

ഇന്ധനക്ഷമത കൈവരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. വി. ശശി കുമാർ | ശ്രീ. മാത്യു.ടി. തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റേറഷനറിയും വകുപ്പ് മന്ത്രി. |
| (എ) മെച്ചപ്പെട്ട ഇന്ധനക്ഷമത കൈവരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) മെച്ചപ്പെട്ട ഇന്ധനക്ഷമത കൈവരിയ്ക്കുന്നതിൽ വാഹനത്തിൻെറ ശരിയായ പരിപാലനത്തോടൊപ്പം ഡ്രൈവിംഗ് സ്വഭാവവും ഒരു പ്രധാന ഘടകമാണ്. ഇതിലേക്കായി പ്രത്യേക സെൽ (ഫ്യൂവൽ സെൽ) രൂപികരിച്ച് നാല് (4) സോണുകളായി തിരിച്ച് 2008 ഫെബ്രുവരി മാസം മുതൽ ഒരു മെക്കാനിക്കൽ എഞ്ചിനീയറുടെ നേതൃത്വത്തിൽ ഡീസലിൻെറ ഉപയോഗം കുറയ്ക്കുന്നതിനുവേണ്ടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൻെറ ഭാഗമായി മെക്കാനിക്കൽ വിഭാഗം ജോലികൾ കൃത്യസമയത്ത് ശരിയായ രീതിയിൽ തീർക്കുന്നതിനുവേണ്ട നടപടികളും, ഡ്രൈവർമാരുടെ ഡ്രൈവിംഗ് സ്വഭാവം നിരന്തരം നിരീക്ഷിച്ച് അവർക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും, പരിശീലനവും നൽകിവരുന്നു. ഓരോ ഡ്രൈവർമാരുടെയും, ഇന്ധനക്ഷമത വിലയിരുത്തി കുറഞ്ഞ ഇന്ധന ക്ഷമത കൈവരിക്കുന്നവരെ ഡിപ്പോതലത്തിൽ യൂണിററ് ആഫീസറുടെ നേതൃത്വത്തിൽ കൗൺസലിംഗ് നടത്തുകയും, പ്രസ്തുത ഡ്രൈവർമാരുടെ പ്രവർത്തന ചെലവ് ബോദ്ധ്യപ്പെടുത്തി തിരുത്തൽ നടപടികളിലൂടെ ഉയർന്ന ഇന്ധനക്ഷമത കൈവരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.<br>മെച്ചപ്പെട്ട ഇന്ധനക്ഷമത കൈവരിക്കുന്നതിനുവേണ്ടി ഡ്രൈവർമാർക്ക് കേന്ദ്ര |

| | |
|---|---|
| | ഏജൻസിയായ പി.സി.ആർ.എ യുമായി (പെട്രോളിയം കൺവർവേഷൻ റിസർച്ച് അസ്സോസിയേഷൻ) ചേർന്ന് പരിശീലനം നൽകി വരുന്നു. ഇതിന് പുറമേ അപകടരഹിതമായ ഡ്രൈവിംഗും, ഉയർന്ന ഇന്ധന ക്ഷമത കൈവരിക്കുന്നതിനുമായി മുഴുവൻ ഡ്രൈവർമാരേയും ഉൾപ്പെടുത്തി സമഗ്രമായ ഒരു പരിശീലന പരിപാടി 20.2.2007 മുതൽ നടത്തിവരുന്നുണ്ട്. |
| (ബി) കഴിഞ്ഞ 3 വർഷത്തെ ഇന്ധന ക്ഷമത എത്രയായിരുന്നു ; | (ബി) 2005 ൽ 3.84 കെ.എം.പി.എൽ<br>2006 ൽ 4.01 കെ.എം.പി.എൽ<br>2007 ൽ 4.09 കെ.എം.പി.എൽ |
| (സി) മെച്ചപ്പെട്ട ഇന്ധനക്ഷമത കൈവരിക്കുന്ന ഡ്രൈവർമാർക്ക് പ്രോത്സാഹനം നൽകുന്നുണ്ടോ ; | (സി) ഉണ്ട്. ഓരോ മാസവും ഒരു ലിററർ ഡീസലിന് 5 ഉം അതിലധികവും കി.മീററർ ദൂരം വാഹനം ഓടിക്കുന്ന ഡ്രൈവർമാർക്കും അത് സ്ഥിരമായി നിലനിർത്തുന്നവർക്കും മാസം മുന്നൂറ് (300) രൂപ ഇൻസെൻറീവായി നൽകി വരുന്നുണ്ട്.<br>2008 ജൂൺ മാസം മുതൽ തിരഞ്ഞെടുത്ത 17 ഡിപ്പോകളിൽ ഡ്രൈവർമാരുടെ ഇന്ധനക്ഷമത വർദ്ധനവിൻെറ അടിസ്ഥാനത്തിൽ പ്രോൽസാഹനം നൽകാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) ബസ്സുകളുടെ എഞ്ചിൻ, ടയറുകൾ എന്നിവ ഇന്ധനക്ഷമതയെ ബാധിക്കുമെന്നതിനാൽ ഇവയുടെ നില തൃപ്തികരമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) ബസ്സുകളുടെ എഞ്ചിൻെറ പ്രവർത്തന ക്ഷമതയുടെ അടിസ്ഥാനത്തിൽ യഥാസമയങ്ങളിൽ പരിശോധിച്ച് ആവശ്യമായ റിപ്പയറും, നിർദ്ദിഷ്ട കി.മീററർ ആയ എൻജിനുകൾ അഴിച്ച് പണിയുകയും ചെയ്യുന്നു. അതുപോലെ ഇന്ധന ക്ഷമതയുടെ അടിസ്ഥാനത്തിൽ ഫ്യൂവൽ പംപ്, നോസിൽ എന്നിവയ്ക്കുവേണ്ട അററകുററപണികളും നടത്തുന്നു. ഡീസൽ ലീക്ക്, എയർ ലീക്ക് എന്നീ തകരാറുകൾ ഇന്ധനക്ഷമതയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത് രണ്ടും പരിഹരിക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ ഫ്യൂവൽ സെൽ ഉദ്യോഗസ്ഥൻമാരുടെ നേതൃത്വത്തിൽ നടത്തിവരുന്നു.<br>ടയർ, ട്യൂബ്, ഫ്ളാപ്പ് എന്നിവ ഒരുമിച്ച് ടയർ കംപനികളിൽ നിന്നുമാത്രം വാങ്ങുകയും, കംപനികളുടെ നിർദ്ദേശാനുസരണമുള്ള ടയർ റൊട്ടേഷൻ നടപ്പിലാക്കുകയും ചെയ്യുന്നു. ടയർ റീട്രേഡ് |

ചെയ്യുംപോൾ നിർദ്ദിഷ്ട മൈലേജ് ലഭിക്കുന്ന നല്ലയിനം റീട്രേഡ് മെററീരിയൽസാണ് ഉപയോഗിക്കുന്നത്. ടയറുകളിൽ കൃത്യമായ മർദ്ദം ക്രമീകരിക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. ഇത് ഇന്ധനക്ഷമത വർദ്ധിപ്പിക്കാൻ ഉപകരിക്കുന്നു.

(ഇ) അയൽ സംസ്ഥാനങ്ങളിലെ ഇന്ധനക്ഷമത എത്രയാണെന്ന് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉണ്ട്. 2007 ൽ

കർണ്ണാടക എസ്.ആർ.ടി.സി. 5.07 കെ.എം.പി.എൽ

ബി.എം.ടി.സി. 4.66 കെ.എം.പി.എൽ

എ.പി.എസ്.ആർ.ടി.സി. 5.07 കെ.എം.പി.എൽ

തമിഴ്നാട് എസ്.ഇ.ടി.സി 5.00 കെ.എം.പി.എൽ

(2008 ജൂണിനുമുൻപ് 4.2 മാത്രം) തമിഴ് നാട്ടിലെ മററ് എല്ലാ ട്രാൻസ്പോർട്ട് കോർപ്പറേഷനുകളുടെയും ആവറേജ് 5.20)

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 517 –ാം നമ്പർ ചോദ്യം 17.07.2008 –ലെ മറുപടിക്ക്

## വിദേശ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ

| ചോദ്യം<br>ശ്രീ. തോമസ് ചാണ്ടി | ഉത്തരം<br>ഡോ. റ്റി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യ വകുപ്പു മന്ത്രി |
| --- | --- |
| എ) ഈ സർക്കാർ അധികാരമേറ്റശേഷം ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (എ.ഡി.ബി.), വേൾഡ് ബാങ്ക് തുടങ്ങിയ വിദേശധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | സംസ്ഥാന സർക്കാർ വിദേശ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വായ്പകൾ സ്വീകരിക്കുന്നില്ല. കേന്ദ്രസർക്കാർ വഴിയാണ് വായ്പകൾ സംസ്ഥാന സർക്കാരിന് ലഭിക്കുന്നത്. സംസ്ഥാന സർക്കാർ ചെലവ് നിർവ്വഹിച്ചശേഷം വിദേശ ധനകാര്യസ്ഥാപനങ്ങളിൽ സമർപ്പിക്കുന്ന ക്ലെയിമുകൾക്ക് റി–ഇംബേഴ്സ്മെന്റായി അനുവദിക്കുന്ന തുക കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് ലഭ്യമാക്കുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം കരാർ ഒപ്പുവച്ച കേരള സുസ്ഥിരനഗരവികസന പദ്ധതിയ്ക്കായി ഇപ്രകാരം എ.ഡി.ബി. യിൽ നിന്നും 29.5.2008 വരെ 595.29 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.<br>മുൻ ഗവൺമെന്റുകളുടെ കാലത്ത് കരാർ ഒപ്പ് വച്ചിട്ടുള്ളതും ഇപ്പോൾ തുടർന്നു വരുന്നതുമായ വിവിധ പദ്ധതികൾക്കായി ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ലഭിച്ച വിദേശ വായ്പകളുടെ വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.<br>1. സുനാമി അടിയന്തര സഹായ പദ്ധതി (എ.ഡി.ബി. ധന സഹായം) 3077.71 ലക്ഷം രൂപ<br>2. ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ലോകബാങ്ക് ധനസഹായം) – 1690.00 ലക്ഷം രൂപ<br>3) കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ലോകബാങ്ക് ധനസഹായം) 5254.58 ലക്ഷം രൂപ<br>4) കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് –കെ.എസ്.ടി.പി (ലോകബാങ്ക് ധനസഹായം) – 14498.99 ലക്ഷം രൂപ.<br>5) കേരളാ വാട്ടർ സപ്ളൈപ്രോജക്ട് (കെ.ഡബ്ല്യു. |

| | |
|---|---|
| | എസ്.പി) ജെ.ബി.ഐ.സി ധനസഹായം - 18084.713 ലക്ഷം രൂപ<br>6) നാഷണൽ ഹൈഡ്രോളജി പ്രോജക്ട് (ലോകബാങ്ക് ധനസഹായം) - 48.60 ലക്ഷം രൂപ<br>7) അട്ടപ്പാടി വേസ്റ്റ്ലാൻറ് കോംപ്രിഹെൻസീവ് പ്രോജക്ട് (ജെ.ബി.ഐ.സി ധനസഹായം) - 1643.62 ലക്ഷം രൂപ |
| ബി) ഇത്തരം ലോണുകൾ എടുക്കുന്നത് സംബന്ധിച്ച് സർക്കാരിൻെറ നയം എന്തെന്ന് വ്യക്തമാക്കുമോ; | സംസ്ഥാനത്തിൻെറ താല്പര്യം ഹനിക്കാതെ വികസനത്തിനായി വായ്പകൾ വാങ്ങുന്നതിന് സർക്കാർ എതിരല്ല. |
| സി) കൂടുതൽ വായ്പകൾ എടുക്കുന്നതിന് പദ്ധതി ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | ജലനിധി തുടർ പദ്ധതി നടത്തിപ്പിനായി 1200 കോടി രൂപയുടെ പദ്ധതി കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് കേന്ദ്രസർക്കാരിൻെറ ഡിപ്പാർട്ടുമെൻറ് ഓഫ് ഇക്കണോമിക്ക് അഫയേഴ്സിൻെറ സജീവ പരിഗണനയിലാണ്. |

അക്കൗണ്ട്സ് ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.518 17.07.2008 ൽ മറുപടിക്ക്**

**ഗ്രാമീണ മേഖലയിലെ ബാങ്ക് ശാഖകൾ അടച്ചു പൂട്ടാതിരിക്കാൻ നടപടി**

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. സി.പി.മുഹമ്മദ്
ശ്രീ. കെ.സി.വേണുഗോപാൽ
ശ്രീ. വി.ഡി.സതീശൻ
ശ്രീ. എൻ.ശക്തൻ

**ഉത്തരം**

ഡോ.റ്റി.എം.തോമസ് ഐസക്
ധനകാര്യവകുപ്പുമന്ത്രി

| | |
|---|---|
| (എ). സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ദേശസാൽകൃത ബാങ്കുകളുടെ ഗ്രാമീണ മേഖലകളിലെ ശാഖകൾ പലതും അടച്ചു പൂട്ടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി). കഴിഞ്ഞ വർഷം ഗ്രാമീണ മേഖലയിൽ പ്രവർത്തിച്ചിരുന്ന ദേശ സാൽകൃത ബാങ്കുകളുടെ എത്ര ശാഖകളുടെ പ്രവർത്തനം അവസാനി പ്പിച്ചിട്ടുണ്ട്; | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ദേശസാൽകൃത ബാങ്കുകളുടെ ഗ്രാമീണ മേഖലകളിലെ ശാഖകൾ അടച്ചുപൂട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി). ഗ്രാമീണ ജനതയുടെ വികസന പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്ന ഈ പ്രവണത അവസാനിപ്പിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്നു വ്യക്ത മാക്കുമോ? | ഗ്രാമീണ ജനതയുടെ വികസന പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്ന രീതിയിൽ ദേശസാൽകൃത ബാങ്കുകൾ അടച്ചുപൂട്ടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അത് സംസ്ഥാനതല ബാങ്കിംഗ് സമിതി, ഭാരതീയ റിസർവ്വ് ബാങ്ക്, കേന്ദ്ര ധനകാര്യ മന്ത്രാലയം എന്നിവയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 519 - 17.07.2008 ൽ മറുപടിക്ക്**

**<u>വ്യവസായങ്ങളുടെ പുനരുദ്ധാരണം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എച്ച് കുഞ്ഞമ്പു<br>ശ്രീ. എ.എം യൂസഫ്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.എ.എം.ആരിഫ് | ശ്രീ.റ്റി.എം.തോമസ് ഐസക്<br>ധനകാര്യ വകുപ്പു മന്ത്രി |
| എ. പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കെ.എഫ്.സി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനു വേണ്ടി അത്തരത്തിലുള്ള യൂണിറ്റുകൾ ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദ്ധരുൾപ്പെടെ പരിശോധിച്ച് ഉചിതമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| ബി പുനരുദ്ധാരണ പാക്കേജിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | പാക്കേജിന്റെ ഭാഗമായി അർഹതപ്പെട്ട സ്ഥാപനങ്ങൾക്ക് വായ്പ പുന:ക്രമീകരിച്ചു കൊടുക്കുക, തിരിച്ചടവു ശേഷി കണക്കാക്കി ലഘു തവണ വ്യവസ്ഥ അനുവദിക്കുക, പലിശ ഫണ്ടു ചെയ്യുക, ആവശ്യമായ മാനേജ്മെന്റ് വൈദഗ്ദ്ധ്യം നൽകുക, വിപണന, HR സഹായം നൽകുക, ആവശ്യാധിഷ്ഠിത അധിക വായ്പ അനുവദിക്കുക മുതലായ നടപടികൾ സ്വീകരിക്കുന്നു. |
| സി ഇതിനോടകം എത്ര യൂണിറ്റുകൾക്ക് ഈ സ്കീം പ്രകാരം പ്രയോജനം ലഭിച്ചു; | 350 യൂണിറ്റുകൾക്ക് |
| ഡി കെ.എഫ്.സിയിൽ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടോ ; | സാധിച്ചിട്ടുണ്ട്. |
| ഇ എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്? | ഇതിനായി വർദ്ധിച്ച വായ്പ അനുവദിക്കൽ, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, പീഡിത വ്യവസായ പുനരുദ്ധാരണം മുതലായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 520 — 17.7.2008-ലെ മറുപടിക്ക്

സ്മാർട്ട് ഓപ്റ്റിക്കൽ കാർഡിനും സ്മാർട്ട് കാർഡിനും കഴിഞ്ഞ സർക്കാർ നൽകിയ കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. കെ.കെ. ദിവാകരൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ | ശ്രീ. മാത്യു ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) ഗതാഗത വകുപ്പിൽ സ്മാർട്ട് ഓപ്ടിക്കൽ കാർഡിനും സ്മാർട്ട് കാർഡിനും കഴിഞ്ഞ സർക്കാർ നൽകിയ കരാർ റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) മുൻ സർക്കാരിന്റെ കാലത്ത് ടെൻഡർ വിളിച്ചതിനെ തുടർന്ന് സേവനദാതാവിനെ തെരഞ്ഞെടുക്കുവാൻ ഗതാഗത വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ട്രാൻസ്പോർട്ട് കമ്മീഷണർ കൺവീനറായും ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചിരുന്നു.<br><br>ഏറ്റവും കുറഞ്ഞ ടെൻഡർ തന്നെ നിലവിലുള്ള മാർക്കറ്റ് നിരക്കുകളെക്കാൾ ഇരട്ടിയോളമാണെന്ന് പ്രസ്തുത കമ്മിറ്റി വിലയിരുത്തി. 64 KB വരെ ശേഷിയുള്ള കാർഡുകൾ മാർക്കറ്റിൽ ലഭ്യമായിരിക്കെ, വിലയും കുറഞ്ഞ 4 KB കാർഡുകൾ വളരെ കൂടിയ വിലയ്ക്ക് ടെണ്ടർ ഉറപ്പിക്കുന്നതിനെ പ്രസ്തുത കമ്മിറ്റി എതിർത്തു. കേന്ദ്ര നിയമപ്രകാരം 200 രൂപയിൽ കൂടുതൽ ഈടാക്കുവാൻ |

| | | |
|---|---|---|
| | | കഴിയാതിരിക്കെ സ്മാർട്ട് ഓപ്ടിക്കൽ കാർഡിന് 395 രൂപ നിശ്ചയിക്കുന്നതു സംസ്ഥാന സർക്കാരിന് വളരെ കൂടുതലായ ആവർത്തനച്ചിലവ് ഉണ്ടാക്കും എന്നും പ്രസ്തുത കമ്മിറ്റി നിഗമനത്തിലെത്തിയിരുന്നു. ആയതു കൊണ്ട് അന്നത്തെ ടെണ്ടറുമായി മുന്നോട്ട് പോകരുതെന്നും പുതുക്കിയ ടെണ്ടർ നടപടികൾ ആരംഭിക്കണമെന്നും കമ്മിറ്റി നടത്തിയ ശുപാർശ, ധനകാര്യ വകുപ്പും ശരിവച്ചുവെങ്കിലും പ്രസ്തുത കമ്മിറ്റിയുടെയും ധനകാര്യ വകുപ്പിന്റെയും ശുപാർശകൾ മറികടന്ന് കൊണ്ട് മുൻ സർക്കാർ 20.1.2006-ൽ G.O (MS) 9/2006/ട്രാൻ പ്രകാരം ടെണ്ടർ ഉറപ്പിക്കുകയാണുണ്ടായത്. ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു കൊണ്ടാണ് ടെണ്ടർ റദ്ദ് ചെയ്യുവാൻ ഈ സർക്കാർ തീരുമാനിച്ചത്. |
| (ഡി) | കാർഡിനുള്ള ടെൻഡർ (ബി) ക്രമക്കേടുകളെക്കുറിച്ചുള്ള വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ നിഗമനങ്ങൾ വ്യക്തമാക്കുമോ ; | ലഭിച്ചിട്ടില്ല |

(സി) സ്മാർട്ട് കാർഡ് വിതരണം (സി) ചെയ്യുന്നതിനായി പുതിയ ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

23.102007 ലെ ജി.ഒ (ആർ.ടി)501/2007/ട്രാൻ നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരം ഡ്രൈവിംഗ് ലൈസൻസും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും സ്മാർട്ട് കാർഡിൽ നൽകുന്നതിനുള്ള പുതിയ ടെണ്ടർ ക്ഷണിക്കുവാനായി ഉത്തരവായിട്ടുണ്ട്. പരിഷ്കരിച്ച രൂപത്തിലുള്ള ടെണ്ടർ വ്യവസ്ഥകൾ തയ്യാറാക്കുന്നതിനായി സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അതിൻമേലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നം 521

17.07.2008 -ൽ

മറുപടിക്ക്

## കേരള ബുക്ക് ആൻറ് പബ്ളിക്കേഷൻ സൊസൈറ്റിയുടെ പ്രവർത്തനം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. ജോർജ്. | ശ്രീ. മാത്യു ടി. തോമസ് (ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) തൃക്കാക്കരയിൽ പ്രവർത്തിക്കുന്ന കേരള ബുക്ക് ആൻറ് പബ്ളിക്കേഷൻ സൊസൈറ്റിയുടെ കഴിഞ്ഞ 10 വർഷത്തെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) കേരള ബുക്ക് ആൻറ് പബ്ളിക്കേഷൻ സൊസൈറ്റിയുടെ പ്രവർത്തനം സർക്കാർ പ്രത്യേകമായി വിലയിരുത്തിയിട്ടില്ല. എന്നാൽ സൊസൈറ്റിയുടെ പ്രവർത്തനം ഗവ: സെക്രട്ടറിമാർ ഉൾപ്പെട്ട ആന്വൽ ജനറൽ ബോഡി മീറ്റിംഗിൽ അവലോകനം ചെയ്യപ്പെടുന്നുണ്ട്. |
| (ബി) സ്കൂളുകൾക്ക് ആവശ്യമുള്ള പാഠപുസ്തകങ്ങൾ പ്രിൻറു ചെയ്യുന്നതിന് ടെൻഡർ എടുത്ത ശേഷം കേരളത്തിന് അകത്തും പുറത്തും ഉള്ള സ്വകാര്യ പ്രസ്സുകളെ പ്രിൻറിംഗ് ഏല്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) പാഠപുസ്തകം സമയബന്ധിതമായി തീർക്കേണ്ടതിനാലും അച്ചടിക്കുള്ള സാമഗ്രികൾ വൈകി ലഭിച്ചത് കണക്കിലെടുത്തുകൊണ്ടും 18.02.2008 ലെ ഹൈലെവൽ മോണിറ്ററിംഗ് കമ്മറ്റിയിൽ തീരുമാനിച്ചപ്രകാരം 2008-09 അദ്ധ്യയന വർഷത്തേക്ക് കെ.ബി.പി.എസ്സിനെ ഏൽപ്പിച്ച അച്ചടിജോലിയിൽ 45.27 ലക്ഷം പാഠപുസ്തകങ്ങളുടെ അച്ചടി സ്വകാര്യപ്രസ്സുകളെ കൊണ്ട് ചെയ്യിച്ചിട്ടുണ്ട്. |
| (സി) 2007-08 അദ്ധ്യയന വർഷത്തിൽ ഏതെല്ലാം പാഠപുസ്തകങ്ങളുടെ പ്രിൻറിംഗ് ഓർഡർ ആണ് സർക്കാർ പ്രസ്സുകൾക്ക് ലഭിച്ചിട്ടുള്ളത്; | സി) വിശദ വിവരം അനുബന്ധം 'എ' ആയി ചേർത്തിട്ടുണ്ട്. |
| (ഡി) പുസ്തകങ്ങളുടെ പ്രിൻറ് ഓർഡർ ലഭിച്ച തീയതി എന്നാണ്; | ഡി) പാഠപുസ്തക ഓഫീസറിൽ നിന്ന് താഴെ പറയുന്ന തീയതികളിൽ അച്ചടി വകുപ്പിന് പ്രിൻറ് ഓർഡർ ലഭിച്ചിട്ടുണ്ട്.<br>26.10.2006 (13,08,930 പുസ്തകങ്ങൾ)<br>15.03.2007 (1,88,720 പുസ്തകങ്ങൾ)<br>04.08.2007 (50,000 പുസ്തകങ്ങൾ)<br>24.08.2007 (25,700 പുസ്തകങ്ങൾ) |
| (ഇ) എന്നാണ് പുസ്തകങ്ങൾ പ്രിൻറ് ചെയ്ത് വിദ്യാഭ്യാസ വകുപ്പിന് കൈമാറിയത്; | ഇ) സർക്കാർ പ്രസ്സിൽ പ്രിൻറ് ചെയ്ത പുസ്തകങ്ങൾ വിദ്യാഭ്യാസ വകുപ്പിന് കൈമാറിയതിൻെറ വിശദവിവരം അനുബന്ധം 'ബി ' ആയി ചേർത്തിട്ടുണ്ട്. |
| (എഫ്) പാഠ പുസ്തകങ്ങൾ പ്രിൻറ് ചെയ്ത ഇനത്തിൽ പ്രസ്സുകൾക്ക് എന്തു തുക ലഭ്യമായിട്ടുണ്ട്. | എഫ്) പ്രസ്സുകൾക്ക് തുകയൊന്നും ലഭ്യമായിട്ടില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.

## അനുബന്ധം 'എ'

## പാഠപുസ്തകങ്ങളുടെ വിശദ വിവരം

2007-08 അദ്ധ്യയന വർഷത്തിലെ 8-ാം ക്ലാസ്സിലെ 13 പാഠപുസ്തകങ്ങളുടെ അച്ചടിയാണ് സർക്കാർ പ്രസ്സുകളിൽ ചെയ്തത് വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | മലയാളം റീഡർ | - 242420 |
| 2. | നാടക മേള | - 335720 |
| 3. | സോഷ്യൽ സയൻസ് (മലയാളം) | - 246820 |
| 4. | ഗണിതശാസ്ത്രം (മലയാളം) | - 212660 |
| 5. | ബ്യൂട്ടി ആൻറ് ദി ബീസ്റ്റ് | - 353700 |
| 6. | കന്നഡ റീഡർ | - 3000 |
| 7. | കന്നഡ സപ്ലിമെൻററി റീഡർ | - 3000 |
| 8. | സോഷ്യൽ സയൻസ് (കന്നഡ) | - 2900 |
| 9. | ഗണിതശാസ്ത്രം (കന്നഡ) | - 2860 |
| 10. | അറബിക് റീഡർ | - 51900 |
| 11. | സംസ്കൃത റീഡർ | - 22610 |
| 12. | ഗണിതശാസ്ത്രം (ഇംഗ്ലീഷ്) | - 48790 |
| 13. | സോഷ്യൽ സയൻസ് (ഇംഗ്ലീഷ്) | - 46970 |
| | ആകെ | 15,73,350 എണ്ണം |

Mathai
Section Officer

## അനുബന്ധം 'ബി'

**പുസ്തകങ്ങൾ പ്രിന്റ് ചെയ്ത് വിദ്യാഭ്യാസ വകുപ്പിന് കൈമാറിയതിന്റെ വിശദവിവരം.**

| | | |
|---|---|---|
| 10.4.07 | 30000 | |
| 12.4.07 | 30,000 | |
| 2.5.07 | 31,800 | ഗണിതശാസ്ത്രം. |
| 7.5.07 | 30,000 | |
| 25.5.07 | 11,640. | |
| 1.9.07 | 890 | |
| 1.9.07 | 25,000 | കേരളാ പാഠാവലി |
| 14.3.07 | 1,26,000 | |
| 15.3.07 | 1,79,000 | ബ്യൂട്ടി ഓഫ് ദി ബിൽഡ് |
| 9.4.07 | 1,120 | |
| 23.4.07 | 47,580 | |
| 15.3.07 | 73,000 | |
| 16.3.07 | 1,62,000 | നാടകമേള. |
| 19.3.07 | 48,700 | |
| 9.4.07 | 2,760 | |
| 23.4.07 | 47,260 | |
| 5.9.07 | 25000 | കേരളാ പാഠാവലി. |
| 9.4.07 | 31,000 | ഗണിതശാസ്ത്രം. |
| 11.4.07 | 37330 | |
| 23.4.07 | 10,000 | |
| 19.9.07 | 10,000 | ബേസിക് റീഡർ. |
| 16.3.07 | 48000 | |
| 26.3.07 | 48000 | |
| 9.4.07 | 9450 | |
| 16.4.07 | 31100 | കേരളാ പാഠാവലി. |
| 18.4.07 | 33050 | |
| 26.4.07 | 7400 | |
| 21.5.07 | 15490 | |
| 9.4.07 | [illegible] | |
| 13.4.07 | 29025 | |
| 16.4.07 | 9550. | |
| 17.4.07 | 28275. | |
| 18.4.07 | 5250 | സോഷ്യൽ സയൻസ്. |
| 25.4.07 | 21875 | |
| 27.4.07 | 32950 | |
| 2.5.07 | 34500 | |
| 9.5.07 | 27500 | |
| 10.5.07 | 17000 | |
| 21.5.07 | 17895. | |
| 4.6.07 | 28025 | |
| 24.4.07 | 20000 | ഗണിതശാസ്ത്രം. |
| 4.6.07 | 765 | |

....2/-

| | | |
|---|---|---|
| 26.3.07 | 14250 | [illegible] |
| 10.4.07 | 26220 | |
| 10.4.07 | 8500 | |
| 10.4.07 | 17600 | |
| 4.6.07 | 13900 | [illegible] |
| 20.9.07 | 10000 | |
| 4.3.08 | 3000 | [illegible] |
| 4.3.08 | 3000 | |
| 4.3.08 | 2900 | [illegible] |
| 4.3.08 | 2360 | [illegible] |
| 4.3.08 | 22610 | [illegible] |

[illegible signature]
Section Officer

## പന്ത്രണ്ടാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 522 — 17-07-2008-ലെ മറുപടിക്ക്

### പൈതൃകപ്രാധാന്യമുള്ള കെട്ടിടങ്ങളും പ്രദേശങ്ങളും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.വി.ജെ.തങ്കപ്പൻ | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) | പൈതൃകപ്രാധാന്യമുള്ള കെട്ടിടങ്ങളും പ്രദേശങ്ങളും സംരക്ഷിക്കുന്നതിനുള്ള പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പ് ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. 19.4.2000-ലെ ജി.ഒ. (എം.എസ്). നം.111/2000/എൽ.എസ്.ജി.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. ആലപ്പുഴ, തലശ്ശേരി എന്നീ പ്രദേശങ്ങളിലെ പൈതൃക പ്രാധാന്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി പഠിക്കുന്നതിനും പൈതൃകത്തനിമ നിലനിർത്തുന്നതിന് ആവശ്യമായ പദ്ധതി രൂപപ്പെടുത്തുന്നതിനും ആറന്മുള വാസ്തു വിദ്യാ ഗുരുകുലത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ആലപ്പുഴയ്ക്കും തലശ്ശേരിക്കും ഹെരിറ്റേജ് പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; | (ബി) | (See the answer to (എ); one answer is given for both (എ) and (ബി).) |
| (സി) | പൈതൃക സംരക്ഷണ മേഖലയിലെ വിദഗ്ദ്ധരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തുമോ | (സി) | പ്രയോജനപ്പെടുത്തുന്നതാണ്. |
| (ഡി) | സാംസ്കാരിക വകുപ്പിന്റെ സഹകരണത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | സ്വീകരിക്കുന്നതാണ്. |
| (ഇ) | കൂടുതൽ പ്രദേശങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | നിർദ്ദേശം വന്നാൽ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 523 — 17.07.08 ൽ മറുപടിയ്ക്ക്

## ഡ്രൈവർമാരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാൻ നടപടി

ചോദ്യം:

ശ്രീ. കെ. ബാബു

ശ്രീ. കെ.സി. ജോസഫ്

ശ്രീ. കെ. അച്യുതൻ

എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ ഒഴിവാക്കാൻ അപകടം വരുത്തുന്ന ഡ്രൈവർമാർക്കെതിരെ കടുത്ത നടപടി സ്വീകരിക്കുവാനും ഇപ്പോഴുള്ള നിയമത്തിൽ ഭേദഗതി വരുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ ;

ബി) എങ്കിൽ എന്തൊക്കെ ഭേദഗതികളാണ് ഉദ്ദേശിക്കുന്നത് ;

ഉത്തരം :

ശ്രീ. മാത്യു. ടി. തോമസ്
(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) യും ബി) യും

ഡ്രൈവിംഗിൽ ഉണ്ടാകുന്ന പിഴവുകൾ കൊണ്ട് അപകടം വരുത്തുന്ന ഡ്രൈവർമാരുടെ ഡ്രൈവിംഗ് ലൈസൻസ് താൽക്കാലികമായും ആവശ്യമെങ്കിൽ സ്ഥിരമായും റദ്ദു ചെയ്യാൻ നിയമപ്രകാരം നടപടിയെടുക്കുവാൻ നിർദ്ദേശം മോട്ടോർ വാഹന വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്. അപകടം വരുത്തുന്ന കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്കെതിരെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. വാഹനാപകടങ്ങളിലെ കുറ്റക്കാർക്കുള്ള ശിക്ഷ കൂടുതൽ കർക്കശമാക്കണമെന്ന ആവശ്യത്തിന്റെ വിവിധ വശങ്ങൾ പരിശോധിച്ചു വരുന്നു.

| | | | |
|---|---|---|---|
| സി) | വാഹനാപകടത്തിൽ പരിക്ക് പറ്റുകയോ മരണപ്പെടുകയോ ചെയ്യുന്ന സംഭവങ്ങളിൽ പ്രസ്തുത അപകടത്തിന് കാരണക്കാരായ ഡ്രൈവർമാരിൽ നിന്നും നിശ്ചിത തുക നഷ്ട പരിഹാരം ഈടാക്കുവാൻ വ്യവസ്ഥചെയ്യുമോ ? | സി) | വാഹനാപകടത്തിൽ പരിക്ക് പറ്റുകയോ മരണപ്പെടുകയോ ചെയ്യുന്ന സംഭവങ്ങളിൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നത് ഇൻഷ്വറൻസ് കമ്പനികൾ മുഖേനയാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - T 524, 17.07.2008 ൽ മറുപടിക്ക്

### സർക്കാർ വകുപ്പികളിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനം

ചോദ്യം

ശ്രീമതി പി. അയിഷാ പോറ്റി.
ശ്രീ. സി. കെ. പി. പത്മനാഭൻ
ശ്രീ. മുരളി പെരുനെല്ലി.
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ.

ഉത്തരം

ബഹു . ധനകാര്യ വകുപ്പു മന്ത്രി

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ഇന്റേണൽ ഓഡിറ്റ് വിംഗ് പ്രവർത്തിക്കുന്നുണ്ടോ? | കൾച്ചറൽ പബ്ലിക്കേഷൻസ്, പ്രോസിക്യൂഷൻ ഡയറക്ടറേറ്റ്, പ്രവേശനപരീക്ഷാ കമ്മീഷണറുടെ ആഫീസ്, KIRTADS, പബ്ലിക് ലൈബ്രറി, സ്പോർട്സ് യുവജനക്ഷേമം എന്നീ വകുപ്പുകളിൽ ഉപ ആഫീസുകൾ ഇല്ലാത്ത കാരണത്താൽ ഇന്റേണൽ ഓഡിറ്റ് വിംഗ് നിലവിൽ പ്രവർത്തിക്കുന്നില്ല മറ്റ് എല്ലാ വകുപ്പുകളിലും ഇന്റേണൽ ഓഡിറ്റ് വിംഗ് പ്രവർത്തിക്കുന്നുണ്ട് |
| (ബി) ഏതെല്ലാം കാര്യങ്ങളാണ് ഇന്റേണൽ ഓഡിറ്റ് വകുപ്പ് പരിശോധിക്കുന്നത്? | ഓരോ വകുപ്പിലും പ്രവർത്തിക്കുന്ന ഇന്റേണൽ ഓഡിറ്റ് വിംഗുകൾ അതാതു വകുപ്പുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടു നടത്തുന്ന ധനസമാഹരണവും വിനിയോഗവും, പദ്ധതികളുടെ നടത്തിപ്പുകൾ, ഇവയുമായി ബന്ധപ്പെട്ടു നടത്തുന്ന പ്രവർത്തനങ്ങൾ അടങ്ങിയ ഫയലുകൾ/ റിക്കാർഡുകൾ മുതലായവയുടെ പരിശോധനയും, ഇതിനായി നിയമസഭ പാസാക്കിയിട്ടുള്ള നിയമങ്ങളും സർക്കാർ അതാതു കാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും ക്രമമായി |

| | |
|---|---|
| | പാലിക്കപ്പെടുന്നതിൽ എന്തെങ്കിലും വീഴ്ചകൾ വന്നിട്ടുണ്ടോ എന്നും പദ്ധതികളുടെ നടത്തിപ്പുകളിൽ സർക്കാർ ഉദ്ദേശിച്ച ഫലം ഉണ്ടായിട്ടുണ്ടോ എന്നുമുള്ള കാര്യങ്ങളാണ് ഇന്റേണൽ ഓഡിറ്റ് വിംഗുകൾ പ്രധാനമായും പരിശോധനയ്ക്ക് വിധേയമാക്കുന്നത്. |
| (ങ) ഇന്റേണൽ ഓഡിറ്റ് വിഭാഗം ചൂണ്ടിക്കാണിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | സ്വീകരിക്കും. |
| (ഛ) ഈ വിഭാഗത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ടോ? | വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ട്. ഓഡിറ്റ് കാര്യക്ഷമമാക്കാൻ വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ പ്രിന്റ് ചെയ്ത 'ഹാൻഡ് ബുക്ക്' ധനകാര്യ വകുപ്പ് (ഇന്റേണൽ ഓഡിറ്റ് സെൽ) തയ്യാറാക്കിയിട്ടുണ്ട്. ഉടൻതന്നെ ഇത് എല്ലാ വകുപ്പുകളിലേയും ഇന്റേണൽ ഓഡിറ്റ് വിംഗുകൾക്ക് ലഭ്യമാക്കുന്നതാണ് |
| (ജ) അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | 10.06.2006-ലെ 32/06/ധന-ഠ. നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.525 | 17.07.2008 ൽ മറുപടി നൽകേണ്ടത്.

**ചോദ്യം**

ശ്രീ. എസ് രാജേന്ദ്രൻ :
ശ്രീ. ജോർജ്ജ്. എം തോമസ് :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ.കെ. ജയചന്ദ്രൻ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :

**മറുപടി**

ശ്രീ. കെ.പി.രാജേന്ദ്രൻ
(റവന്യൂ വകുപ്പു മന്ത്രി)

### തോട്ടങ്ങൾ തുണ്ടുകളായി വിൽക്കുന്നത് തടയാൻ നിയമ ഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| (എ) ഭൂപരിഷ്കരണ നിയമ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള തോട്ടങ്ങൾ തുണ്ടുകളാക്കി വിൽപന നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതു തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) കേരള ഭൂപരിഷ്കരണ നിയമം 81(ഇ) വകുപ്പ് അനുസരിച്ച് ഒഴിവാക്കി നല്കിയ തോട്ടം മേഖലയുമായി ബന്ധപ്പെട്ട ഭൂമിയിലെ അനധികൃത കൈമാറ്റം തടയുന്നതിനും കേരള ഭൂപരിഷ്കരണ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനും സർക്കാർ നിർദ്ദേശ പ്രകാരം മേൽപ്പറഞ്ഞ പ്രകാരം ഒഴിവാക്കിയ ഭൂമിയുടെ വിവരങ്ങൾ കളക്ടറേറ്റ്, താലൂക്ക് ഓഫീസ്, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ കൃത്യമായി സൂക്ഷിക്കേണ്ടതാണെന്നും ജില്ലയിൽ ഒഴിവാക്കിയിട്ടുള്ള തോട്ടഭൂമികളുടെ വിവരങ്ങൾ (പ്ലാന്റേഷനിസ്) വില്ലേജ്, താലൂക്ക്, സർവ്വേ നമ്പർ, വിസ്തീർണ്ണം (ഹെക്ടറിൽ) എന്നിവ ഉൾക്കൊള്ളിച്ച് അടിയന്തിരമായി ലാന്റ് ബോർഡിൽ ലഭ്യമാക്കണമെന്നും കർശനമായ നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും ലാന്റ് ബോർഡിൽ നിന്നും നല്കിയിട്ടുണ്ട്. |

(സി) ഇതു തടയുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമാണോ; അല്ലെങ്കിൽ ഇതിനായി നിയമ ഭേദഗതി കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

(സി) ഇപ്പോൾ കേരള ഭൂപരിഷ്കരണ നിയമം അനുസരിച്ച് തോട്ടങ്ങൾ എന്ന നിർവ്വചനത്തിൽപ്പെടുന്ന ഭൂമിയ്ക്ക് പരമാവധി വിസ്തീർണ്ണം എത്രയെന്ന് നിജപ്പെടുത്താത്തതിനാൽ എത്ര ഏക്കർ ഭൂമി വേണമെങ്കിലും ഈ ഇനത്തിൽ ഉൾപ്പെടുത്താമെന്നതാണ് നിലവിലുള്ള നിയമത്തിലെ പരിമിതി. ഇപ്രകാരം ഒഴിവാക്കി കൊടുക്കുന്ന ഭൂമിയ്ക്ക് പരിധി നിശ്ചയിക്കുന്നത് ഉചിതമാണെന്നു കാണുന്നതിനാൽ ഈ വിഷയത്തിൽ ആവശ്യമായ നിയമ ഭേദഗതി നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 526 — 17-07-2008-ലെ മറുപടിക്ക്

## കുത്തക വ്യാപാര സംഘങ്ങൾക്ക് റീട്ടെയിൽ വ്യാപാരം നടത്തുന്നതിന് അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി.<br>ശ്രീ.എം.ഉമ്മർ. | ശ്രീ.പാലോളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) |
| (എ) കുത്തക വ്യാപാര സംഘങ്ങൾക്ക് റീട്ടെയിൽ വ്യാപാരം നടത്തുന്നതിന് എവിടെയെല്ലാം തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങൾ അനുമതി നൽകിയിട്ടുണ്ട്;<br><br>(ബി) ഏതെല്ലാം തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളാണ് അനുമതി നൽകിയിട്ടുള്ളത്; | (എ)<br>(ബി) } കേരള മുനിസിപ്പാലിറ്റി ആക്ട്/ പഞ്ചായത്ത് ആക്ട് പ്രകാരമാണ് കച്ചവട/വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിവരുന്നത് നിലവിലുള്ള നിയമത്തിലും. ചട്ടങ്ങളിലും കുത്തക വ്യാപാരം എന്ന തരംതിരിവോ. വിവേചനമോ ഇല്ല. എന്നാൽ ചില വൻകിട ഷോപ്പിംഗ് മാളുകൾക്ക് തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകിയതിനെതിരേ ചെറുകിട വ്യാപാരികളുടേയും ബഹുജന സംഘടനകളുടേയും പ്രതിഷേധം ഉണ്ടായി ഇത് കണക്കിലെടുത്ത് നഗരസഭകൾ റദ്ദാക്കിയ ലൈസൻസുകൾ ബഹു.ഹൈക്കോടതി പുന:സ്ഥാപിച്ച് നൽകിയിട്ടുണ്ട്. |
| (സി) ഇങ്ങനെ അനുമതി നൽകുന്നതിനെതിരെ എന്തെങ്കിലും വിലക്ക് തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ അതെന്തായിരുന്നു; | (സി) വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. |

| | | |
|---|---|---|
| (ഡി) | [illegible] നൽകിയതിന് ശേഷം ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുത്തകെ വ്യാപാരത്തിന് അനുമതി നൽകിയിട്ടുണ്ടോ; | (ഡി) ബാധകമല്ല. |
| (ഇ) | ഉണ്ടെങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | (ഇ) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.527 17-7-2008-ൽ മറുപടിക്ക്

**ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡവലപ്മെന്റ് പ്രോജക്റ്റ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ജയരാജൻ<br>ശ്രീ.വി.എൻ.വാസവൻ<br>ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രസർക്കാരിന്റെ ധന സഹായത്തോടെയുള്ള ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡവലപ്മെന്റ് പ്രോജക്റ്റ് സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡവലപ്മെന്റ് പ്രോഗ്രാം (ഐ.എച്ച്.എസ്.ഡി.പി) സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.എച്ച്.എസ്.ഡി.പിക്ക് നഗരസഭകൾ വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനനുസരിച്ചാണ് ഫണ്ട് നൽകുന്നത്. പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിനുള്ള പരിശീലനം നഗരസഭാ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പ്രോജക്റ്റുകൾ തയ്യാറാക്കുന്ന സാങ്കേതിക ഏജൻസികൾക്കും നൽകിയിരുന്നു. നഗരസഭകൾ തയ്യാറാക്കി നോഡൽ ഏജൻസിയായ കുടുംബശ്രീക്ക് സമർപ്പിക്കുന്ന പ്രോജക്റ്റുകൾ, സംസ്ഥാന തലത്തിൽ പരിശോധനനടത്തി അംഗീകാരം നൽകുന്നതിന് ഒരു സംസ്ഥാനതല |

കോ-ഓർഡിനേഷൻ കമ്മിറ്റി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിച്ചു വരുന്നു. 26 നഗരസഭ കളുടെ ഐ.എച്ച്.എസ്.ഡി.പി പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും, പദ്ധതി നടപ്പിലാക്കി വരുകയുമാണ്. ബാക്കി 28 നഗരസഭകളുടെ പദ്ധതികൾ തയ്യാറാക്ക ലിന്റെയും അംഗീകാരത്തിന്റെയും വിവിധ ഘട്ടങ്ങളിലാണ്. പദ്ധതി നടപ്പിലാക്കു ന്നതിന് നഗരസഭകളിലെ ജനപ്രതിനിധി കൾക്കും ഉദ്യോഗസ്ഥർക്കും ആവശ്യ മായ പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. അംഗീകാരം ലഭിച്ച 26 നഗരസഭ കൾക്കും പദ്ധതി നടപ്പിലാക്കുന്ന തിനായി കേന്ദ്ര സംസ്ഥാന വിഹിതങ്ങളുടെ ആദ്യ ഗഡു ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്ന ചേരികളിൽ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് ഗുണഭോ ക്താക്കൾ അംഗങ്ങളായുള്ള ക്ലസ്റ്റർ ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചി ട്ടുണ്ട്. പദ്ധതി നടത്തിപ്പ് സുഗമമാക്കുന്ന തിന് സംസ്ഥാന തലത്തിൽ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റും (പി.എം.യു),

| | | | |
|---|---|---|---|
| | | | നഗരസഭകളിലെ പ്രോജക്റ്റ് നിർവ്വഹണം കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് ജില്ലാ തലത്തിൽ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റുകളും (പി.ഐ.യു.) രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം നഗരങ്ങളിലാണ് പ്രോജക്റ്റ് നടപ്പിലാക്കുന്നത്; എത്ര വീടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. | (ബി) | സംസ്ഥാനത്തെ 26 നഗരസഭകളിലാണ് ഐ.എച്ച്.എസ്.ഡി.പി പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നത് 25 നഗരങ്ങളിലുമായി ആകെ 8043 പുതിയ വീടുകളുടെ നിർമ്മാണമാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതു കൂടാതെ ചേരികളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും ഈ പദ്ധതി മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ഭവന നിർമ്മാണം കൂടാതെ ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങളും ഐ.എച്ച്.എസ്.ഡി.പി പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്. 26 നഗരസഭകളുടെ പദ്ധതികളിലായി ആകെ 4039 വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് അംഗീകരിച്ചിട്ടുള്ളത്. 26 നഗരസഭകളുടെയും ഓരോ നഗരസഭയിലും അനുവദിക്കപ്പെട്ട വീടുകളുടെയും വിശദവിവരങ്ങൾ അനുബന്ധം-1ൽ ചേർത്തിരിക്കുന്നു. |
| (സി) | പദ്ധതിപ്രകാരം ഓരോ വീടിനും ലഭിക്കുന്ന സഹായത്തിന്റെ വിശദാംശം അറിയിക്കുമോ; | (സി) | ഐ.എച്ച്.എസ്.ഡി.പി പദ്ധതി പ്രകാരം 80,000 രൂപയാണ് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത്. ജനറൽ വിഭാഗത്തിന് 12% ഉം പട്ടികജാതി/പട്ടിക |

വർഗ്ഗ വിഭാഗത്തിന് 10%വും ഗുണഭോക്തൃവിഹിതമായി കണ്ടെത്തേണ്ടതുണ്ട്. ആശ്രയ പദ്ധതി യിൽ ഉൾപ്പെട്ട അഗതി കുടുംബങ്ങൾക്ക് ഗുണഭോക്തൃ വിഹിതം നഗരസഭകൾ കണ്ടെത്തേണ്ടതാണ് ഭവന പുനരുദ്ധാരണത്തിന് വ്യക്തമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 25,000/- രൂപയാണ് ധനസഹായം ലഭിക്കുക

(ഡി) എത്ര വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങ ളാണ് ഇപ്പോൾ നടക്കു ന്നത്;

26 നഗരസഭകളിലായി 8,043 പുതിയ വീടുകൾ ഏറ്റെടുത്തിട്ടുള്ളതിൽ 5814 വ്യക്തിഗത വീടുകളും 2,229 വീടുകൾ ബഹുനില കെട്ടിടങ്ങളുമായുമാണ് നിർമ്മിക്കപ്പെടുക. വ്യക്തിഗത വീടുകളിൽ 2,640 വീടുകളുടെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു

(ഇ) പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഐ.എച്ച്.എസ്.ഡി.പി പദ്ധതി പ്രകാരം കേന്ദ്ര വിഹിതത്തിന്റെ 50% തുകയാണ് ആദ്യ ഗഡുവായി നഗരസഭകൾക്ക് ലഭിക്കുക. പദ്ധതി ഏറ്റെടുത്തിട്ടുള്ള 26 നഗരസഭകൾക്ക്, അവർ കുടുംബശ്രീയിൽ അടച്ചിട്ടുള്ള നഗരസഭാ വിഹിതത്തിന് അനുപാതികമായി കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും അനുവദിച്ചു

നൽകിയിട്ടുണ്ട് ഐ.എച്ച്.എസ്.ഡി.പി പദ്ധതി നടത്തിപ്പിന് കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ നോഡൽ ഏജൻസിക്ക് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനായി 18-8-2007-ലെ സർക്കാർ ഉത്തരവ് നമ്പർ(സാധ)6367/07/ഫിൻ പ്രകാരം പ്രത്യേക മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട് കേന്ദ്ര സഹായമായി അനുവദിക്കപ്പെട്ട തുകയുടെ 70% ചെലവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്കായിരിക്കും പദ്ധതി നടത്തിപ്പിനുള്ള രണ്ടാംഗഡു തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കുക.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 528  17.07.2008 -ന് മറുപടിക്ക്

## കേന്ദ്ര കലാമിറ്റി ഫണ്ടിൽ നിന്ന് ലഭിച്ച സഹായധനം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പള്ളിപ്രം ബാലൻ<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ.എ.കെ.ചന്ദ്രൻ<br>ശ്രീ.എൻ.അനിരുദ്ധൻ<br>ശ്രീ.പി.തിലോത്തമൻ | ശ്രീ.കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |

......

| ചോദ്യം | ഉത്തരം |
|---|---|
| (എ) കേന്ദ്ര കലാമിറ്റി ഫണ്ടിൽ (സി.ആർ.എഫ്) നിന്ന് സംസ്ഥാനത്തിന് 2008-09 വർഷം എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്; ഇതിൽ എത്ര തുക ലഭിച്ചു ; | (എ) കലാമിറ്റി റിലീഫ് ഫണ്ടിൽ 2008-09 സാമ്പത്തിക വർഷം 98.98 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 74.23 കോടി രൂപ കേന്ദ്ര വിഹിതവും 24.75 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. സി.ആർ.എഫിന്റെ കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായ 37.115 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചു. |
| (ബി) ഈ ഫണ്ടിൽ നിന്ന് സംസ്ഥാനത്തിന് 2006-07, 2007-08 വർഷങ്ങളിൽ എത്ര തുക വീതം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) കലാമിറ്റി റിലീഫ് ഫണ്ടിൽ (സി.ആർ.എഫ്) ൽ നിന്ന് സംസ്ഥാനത്തിന് 2006-07 സാമ്പത്തിക വർഷം 89.77 കോടി രൂപയും (കേന്ദ്രവിഹിതം 67.33 കോടി, സംസ്ഥാന വിഹിതം 22.44 കോടി) 2007-08 സാമ്പത്തിക വർഷം 94.27 കോടി രൂപയും (കേന്ദ്ര |

വിഹിതം 70.70 കോടി, സംസ്ഥാന വിഹിതം 23.57 കോടി) ലഭിച്ചിട്ടുണ്ട്.

(സി) വേനൽമഴ കണക്കിലെടുത്ത് സംസ്ഥാനത്തിന് എൻ.സി.സി.എഫിൽ നിന്ന് പ്രത്യേക സഹായം ലഭിച്ചിട്ടുണ്ടോ ;

(സി) ലഭിച്ചിട്ടില്ല.

(ഡി) വേനൽ മഴയെ തുടർന്ന് സംസ്ഥാനം സന്ദർശിച്ച കേന്ദ്ര സംഘം എത്ര തുകയാണ് പ്രത്യേക ധനസഹായമായി ശുപാർശ ചെയ്തിരുന്നത് ; കേന്ദ്ര സർക്കാർ ഇതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തതായി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ?

(ഡി) വേനൽമഴയെ തുടർന്ന് സംസ്ഥാനം സന്ദർശിച്ച കേന്ദ്ര സംഘം റിപ്പോർട്ട് നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ ഇതു സംബന്ധിച്ച തീരുമാനമെടുത്തതായി ഈ വകുപ്പിൽ വിവരം ലഭിച്ചിട്ടില്ല. കേന്ദ്ര സഹായം ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ ഗണ്യമായി സമ്മർദ്ദം ചെലുത്തി വരികയാണ്.

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 529 — 17.7.2008-ലെ മറുപടിക്ക്

ഡ്രൈവിംഗ് ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ.വി.എസ്. സുനിൽ കുമാർ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ | ശ്രീ .മാത്യു .ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായി കെ.എസ്.ആർ.ടി.സി ആധുനിക സൗകര്യങ്ങളുള്ള ഡ്രൈവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) മോട്ടോർ വാഹനവകുപ്പിന്റെ കീഴിൽ "ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാഫിക് സേഫ്റ്റി ആന്റ് റിസർച്ച് " (ഐ.റ്റി.എസ്.ആർ) എന്ന പേരിൽ ഡ്രൈവർമാർക്കുള്ള ഒരു പരിശീലന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിനുള്ള എന്തെല്ലാം നടപടികൾ ഇതു വരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഈ ഇൻസ്റ്റിറ്റ്യൂട്ട് എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിൽ ഇടപ്പാളിലുള്ള 25 ഏക്കർ സ്ഥലം പാട്ട വ്യവസ്ഥയിൽ എടുത്തു കൊണ്ട് അവിടെ ഡ്രൈവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ പ്രസ്തുത സ്ഥലം ഏറ്റെടുക്കുവാൻ കാലതാമസം ഉണ്ടായതിനാൽ സർക്കാർ ചേവായൂരിൽ മോട്ടോർ വാഹന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് താത്ക്കാലികമായി പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് |

ആരംഭിക്കുകയുണ്ടായി. ഇടപ്പാളിൽ സ്ഥലം ലഭ്യമായി ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സംസ്ഥാനതല ആസ്ഥാനം അവിടേയ്ക്ക് മാറ്റുന്നതാണ്.

(സി) ഈ ഇൻസ്റ്റിറ്റ്യൂട്ടിലെ പരിശീലന കാലാവധി പരിശീലനരീതി തുടങ്ങിയവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

(സി) താഴെ പറയുന്ന പരിശീലന പരിപാടികളാണ് നടന്നു വരുന്നത്.

1. ഡ്രൈവിംഗ് ഇൻസ്ട്രക്ടർമാർക്കുള്ള 5 ദിവസത്തെ ട്രെയിനേഴ്സ് ട്രെയിനിംഗ് കോഴ്സ്
2. ഓർഗനൈസ്ഡ് ആന്റ് അൺ ഓർഗനൈസ്ഡ് സെക്ടറിലുള്ള പ്രൊഫഷണൽ ഡ്രൈവർമാർക്കുള്ള 5 ദിവസത്തെ പരിശീലന പദ്ധതി.
3. ഡെയിഞ്ചറസ് ആന്റ് ഹസാർഡസ് ഗുഡ്സ് കാരിയർ ഡ്രൈവർമാർക്കുള്ള 3 ദിവസത്തെ സർട്ടിഫിക്കറ്റ് കോഴ്സും 1 ദിവസത്തെ റിഫ്രഷർ കോഴ്സും.
4. ടൂറിസ്റ്റ് ഡ്രൈവർമാർക്കായി ടൂറിസം ആന്റ് റോഡ് സേഫ്റ്റിയിൽ 2 ദിവസത്തെ ട്രെയിനിംഗ്.
5. റോഡ് സുരക്ഷാസംബന്ധമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ടീച്ചർമാർക്കായുള്ള 2 ദിവസത്തെ പരിശീലനം.
6. സ്കൂൾ കുട്ടികൾക്കായുള്ള 1 ദിവസത്തെ റോഡ് സുരക്ഷാ പരിശീലന പദ്ധതി

പുറത്തു നിന്നുള്ള വിദഗ്ധൻമാരെ കൊണ്ടും വകുപ്പിലെ ഉദ്യോഗസ്ഥൻമാരെ കൊണ്ടുമാണ് ക്ലാസ്സുകൾ എടുക്കുവാൻ ഉദ്ദേശിക്കുന്നത്. സ്കൂൾ കുട്ടികൾക്കായുള്ള റോഡ് സുരക്ഷാ പരിശീലനം ഒഴികെയുള്ള മറ്റെല്ലാം പരിശീലനത്തിനും പ്രാക്ടിക്കൽ ട്രെയിനിംഗും നിശ്ചയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ 530 17.07.08 ൽ മറുപടിയ്ക്ക്

# സമാന്തര സർവ്വീസുകൾ നിറുത്തലാക്കാൻ നടപടി

| ചോദ്യം: | ഉത്തരം : |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് | ശ്രീ. മാത്യു. ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കെ എസ് ആർ ടി സി ബസ്സുകൾ സർവ്വീസ് നടത്തുന്ന റൂട്ടുകളിൽ അനധികൃതമായി സമാന്തര സർവ്വീസുകൾ നടത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | എ) അനധികൃത സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് സംസ്ഥാനത്തുടനീളം പരിശോധനകൾ നടത്തുന്നുണ്ട്. തിരുവനന്തപുരം നഗരത്തിൽ അനധികൃത സർവ്വീസുകൾക്ക് പൂർണ്ണ നിയന്ത്രണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി നഗരത്തിലേക്ക് വരുന്ന അനധികൃത സർവ്വീസുകൾ തടയുന്നതിനായി മോട്ടോർ വാഹന വകുപ്പും പോലീസ് വകുപ്പും കെ.എസ്.ആർ.ടി.സിയും സംയുക്തമായി പ്രവർത്തിക്കുന്നുണ്ട്. ഇത്തരം പരിശോധനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് കെ.എസ്.ആർ.ടി.സി. എം.ഡി. കോർഡിനേറ്ററായും, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, സിറ്റി പോലീസ് കമ്മീഷണർ അംഗങ്ങളുമായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ കെ.എസ്.ആർ.ടി.സി. കൂടുതൽ സർവ്വീസുകൾ നടത്തുകയും ഉദ്യോഗസ്ഥൻമാരെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ഡ്യൂട്ടിക്ക് നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) എവിടെയൊക്കെയാണ് സമാന്തര സർവ്വീസുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയത്; | ബി) അനധികൃത സർവ്വീസുകൾ നടത്തുവാൻ യാതൊരുവിധ അനുവാദവും സർക്കാർ നൽകിയിട്ടില്ല. ഇപ്പോൾ തിരുവനന്തപുരം നഗരത്തിൽ ഇത്തരം സർവ്വീസുകൾ കർശനമായി നിരോധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പുതിയ ബസ്സുകൾ നിരത്തിലിറക്കുമ്പോൾ സംസ്ഥാനത്തുടനീളം അനധികൃത സർവ്വീസുകൾക്ക് നിരോധനം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| സി) | നിയന്ത്രണത്തിന്റെ ഫലമായി അനധികൃത സമാന്തര സർവ്വീസ് നടത്തുന്ന എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്; എത്ര വാഹനങ്ങൾക്ക് പിഴ ഈടാക്കിയിട്ടുണ്ട്; ആകെ ഈ ഇനത്തിൽ എത്ര തുക ലഭിച്ചു ; | സി) | ഈ സാമ്പത്തിക വർഷം 263 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും 8,79,500 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) | അനധികൃത സർവ്വീസ് നടത്തുന്ന സമാന്തര സർവ്വീസുകൾക്കെതിരെ മറ്റു കർശന നടപടിക്ക് ആലോചിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | ഡി) | മോട്ടോർ വാഹന നിയമമനുസരിച്ചിട്ടുള്ള നടപടികൾ കർശനമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.531 — 17.07.2008 ൽ മറുപടി നൽകേണ്ടത്.

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സാജുപോൾ,<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ,<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ,<br>ശ്രീ. സി.കെ. സദാശിവൻ. | ശ്രീ. കെ.പി. രാജേന്ദ്രൻ<br>(റവന്യു വകുപ്പു മന്ത്രി) |

## മിച്ചഭൂമിയുടെ വിതരണം

| | |
| --- | --- |
| (എ) സർക്കാരിൽ നിക്ഷിപ്തമായ മിച്ചഭൂമിയുടെ വിതരണം സംബന്ധിച്ച നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായുള്ള അപേക്ഷാഫാറങ്ങൾ എന്ന് വിതരണം ചെയ്യും ; | (എ) സർക്കാരിൽ നിക്ഷിപ്തമായ മിച്ചഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഇതിനായി എല്ലാ ജില്ലകളിലും കേരള ഭൂപരിഷ്കരണ നിയമം 96-ാം വകുപ്പ് അനുസരിച്ച് ഫാറം '16' പ്രസിദ്ധീകരിച്ച് അപേക്ഷ ക്ഷണിക്കുകയും എല്ലാ ജില്ലകളിലുമായി ഇതുവരെ 61684 അപേക്ഷകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി അർഹരായ അപേക്ഷകർക്ക് ജൂലൈ,ആഗസ്റ്റ് മാസങ്ങളിലായി മിച്ചഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മിച്ചഭൂമി വിതരണം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 63 താലൂക്ക് ലാൻഡ് ബോർഡുകളും പുന:സംഘടിപ്പിച്ചിട്ടുണ്ട്. |

(..................2.......)

| | | | |
|---|---|---|---|
| (ബി) | മിച്ചഭൂമി ലഭിക്കുന്നതിന് അർഹതയുള്ളവരുടെ മുൻഗണനാക്രമം വ്യക്തമാക്കുമോ; | (ബി) | കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 96(1) സെക്ഷൻ 96(2) പ്രകാരം മുൻഗണന താഴെപ്പറയും പ്രകാരമാണ്.<br>1) വിതരണം ചെയ്യുന്ന മിച്ചഭൂമിയിൽ കുടികിടപ്പുകാർ ഉണ്ടെങ്കിൽ ആ കുടികിടപ്പുകാർ.<br>2) ബാക്കിവരുന്ന മിച്ചഭൂമി ഭൂരഹിത കർഷകതൊഴിലാളികൾ.<br>3) ഭൂമി വീണ്ടെടുക്കാൻ കഴിയാത്ത ചെറുകിട ഭൂഉടമകൾ. ഏറ്റെടുത്ത് വിതരണം ചെയ്യുന്ന മിച്ചഭൂമിയുടെ 87 1/2 % ഭൂരഹിത കർഷകതൊഴിലാളികൾക്കും, അതിൽതന്നെ 50% പട്ടികജാതി/പട്ടികവർഗ്ഗം, മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവർക്കും ബാക്കിവരുന്ന 12 1/2 % ചെറുകിട ഭൂവുടമകൾക്കും വിതരണം ചെയ്യുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു. |
| (സി) | മിച്ചഭൂമി സംബന്ധിച്ച് ലാൻറ് ബോർഡിൽ നിലവിലുള്ള കേസ്സുകൾ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ ? | (സി) | മിച്ചഭൂമി സംബന്ധിച്ച് താലൂക്ക് ലാന്റ് ബോർഡിൽ നിലവിലുള്ള 1543 കേസുകൾ തീർപ്പു കൽപ്പിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരുന്നു. ഇവ അടിയന്തിരമായി തീർപ്പ് കൽപ്പിക്കുവാൻ താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതിനു പുറമെ ഹൈക്കോടതിയിൽ ഉള്ള 520 കേസുകളിലും അടിയന്തിരമായി തീർപ്പുണ്ടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 532 — 17.7.2008ൽ മറുപടിക്ക്

സമാന്തര സർവ്വീസ് നിരോധനത്താലുള്ള യാത്രാക്ലേശം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീമതി ജെ. അരുന്ധതി<br>ശ്രീ.കെ.കെ. ദിവാകരൻ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. മാത്യു.ടി. തോമസ്<br>(ഗതാഗതവും പ്രിൻറിംഗും സ്റേറഷനറിയും വകുപ്പ് മന്ത്രി) |
| (എ) സമാന്തര സർവ്വീസുകൾ നിരോധിച്ചതിനെത്തുടർന്ന് യാത്രക്കാരുടെ ക്ലേശം പരിഹരിക്കുന്നതിന് കെ.എസ്.ആർ.ടി.സി. സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) അനധികൃത സർവ്വീസുകളുടെ തിരുവനന്തപുരം സിററിയിലേക്കുള്ള പ്രവേശനമാണ് ഇപ്പോൾ കർശനമായി നിയന്ത്രിച്ചിട്ടുള്ളത്. തന്മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിലേക്കായി കൂടുതൽ ബസ്സുകൾ ഉൾപ്പെടുത്തി കൂടുതൽ സർവ്വീസുകൾ നടത്തുന്നുണ്ട്. ഓരോ റൂട്ടിലേയും പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പോയിൻറ് ഡ്യൂട്ടിക്ക് ഇൻസ്പെക്ടർമാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഓരോ റൂട്ടിലേയും പ്രധാനപ്പെട്ട സ്ഥലങ്ങളിലേക്ക് കൂടുതൽ തിരക്കനുഭവപ്പെടുന്ന രാവിലെയും വൈകുന്നേരവും കട്ട് ട്രിപ്പുകളും നടത്തുന്നു. ഇത്തരത്തിലുള്ള ഇടപെടലുകൾ നിലവിലുള്ള യാത്രാവശ്യങ്ങൾക്ക് പര്യാപ്തമാണ്. |
| (ബി) യാത്രാക്കാർ കൂടുതലുള്ള സ്ഥലങ്ങളിലേയ്ക്ക് കൂടുതൽ ഷട്ടിൽ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. ഓരോ റൂട്ടിലുമുള്ള പ്രധാനപ്പെട്ട സ്ഥലങ്ങളിലേക്ക് ഷോർട്ട് ട്രിപ്പുകൾ അയയ്ക്കുന്നതുമൂലം ആ മേഖലയിലുള്ള യാത്രക്കാർക്ക് ബുദ്ധിമുട്ടുകൂടാതെ യാത്ര പൂർത്തിയാക്കുവാൻ കഴിയുന്നുണ്ട്. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ നിയോഗിക്കപ്പെടുന്ന പോയിൻറ് ഡ്യൂട്ടി ഇൻസ്പെക്ടർമാർ യാത്രക്കാർക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |
| (സി) നഗരത്തിനുപുറത്ത് സമാന്തര സർവ്വീസ് നിരോധനം നടപ്പാക്കിയിട്ടുണ്ടോ ; | (സി) അനധികൃത സർവ്വീസുകൾക്ക് ഒരിടത്തും അനുമതി നൽകിയിട്ടില്ല. എന്നാൽ അവയുടെ നിരോധനം തിരുവനന്തപുരം |

| | |
|---|---|
| | നഗരത്തിൽ മാത്രമേ ഇപ്പോൾ കർക്കശ മാക്കിയിട്ടുള്ളൂ. കൂടുതൽ പുതിയ ബസ്സുകൾ നിരത്തിലിറങ്ങുന്നതോടെ പൂർണമായ തോതിൽ അനധികൃത സർവ്വീസുകൾ നിരോധിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) സർവ്വീസ് യോഗ്യമായ എത്ര ബസ്സുകളാണ് കെ.എസ്.ആർ.ടി.സി. ക്കുള്ളത്. അതിൽ എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുവെന്ന് അറിയിക്കുമോ ? | (ഡി) 09.7.2008 ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.യിൽ 5,009 ബസ്സുകളുണ്ട്. ഇവയിൽ 626 ബസ്സുകൾസ്പെയർ ബസ്സുകളായി കണക്കാക്കപ്പെടുന്നു. ബാക്കിയുള്ള 4,383 ബസ്സുകളിൽ 225 എണ്ണം സി.എഫ്.ടെസ്റ്റിനും, മററ് റിപ്പയറുകൾക്കുമായി വർക്ക്ഷോപ്പുകളിലാണ്. ശേഷിച്ച 4,158 ബസ്സുകളിൽ 4,093 ബസ്സുകൾ സർവ്വീസ് നടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.533 — 17.7.2008-ൽ മറുപടിയ്ക്ക്

## കേന്ദ്ര തൊഴിലുറപ്പു പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിലെ വൈഷമ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.രാഘവൻ:<br>ശ്രീ.പി.വിശ്വൻ:<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ:<br>പ്രൊഫ. സി.രവീന്ദ്രനാഥ് :<br>ശ്രീ.കെ.സി.രാജഗോപാലൻ: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ). കേന്ദ്ര തൊഴിലുറപ്പു പദ്ധതി സംസ്ഥാനത്ത് അതേ പടി നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ അനുഭവപ്പെടുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ). ഉണ്ട്. കാരണങ്ങൾ താഴെ കൊടുക്കുന്നു.<br>(i) കേരളം നേരിടുന്ന പ്രധാന പ്രശ്നം അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മയാണ്. പക്ഷേ മിനിമം കൂലിയ്ക്ക് അവിദഗ്ധ കായികാദ്ധ്വാനം ചെയ്യാനുള്ള അവസരമാണ് തൊഴിലുറപ്പ് പദ്ധതിയിലൂടെ ലഭിക്കുന്നത്. ആയതിനാൽ കേരളത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുവാൻ മുന്നോട്ടുവരുന്നവരുടെ എണ്ണം താരതമ്യേന കുറവാണ്.<br>(ii) തൊഴിലുറപ്പ് പദ്ധതിയിൽ 8 ഇനം പ്രവർത്തികളാണ് ഏറ്റെടുക്കുവാൻ സാധിക്കുന്നത്. കേരളത്തിന്റെ സാഹചര്യങ്ങളിൽ ഇതൊരു പരിമിതിയായി അനുഭവപ്പെടുന്നു. തോട്ടം മേഖലയിലും തീരദേശമേഖലയിലും അനുവദനീയമായ പട്ടികയിൽ നിന്നും മതിയായ പ്രവർത്തികൾ കണ്ടെത്താൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. മാത്രമല്ല നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ കാർഷിക പ്രവർത്തികൾ ഏറ്റെടുക്കാൻ സാധിക്കുകയില്ല. |
| ബി. ഇക്കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കാര്യത്തിൽ കേരളത്തിന് അനുകൂലമായ തീരുമാനം ഉണ്ടായിട്ടുണ്ടെന്നു അറിയിക്കുമോ; | ബി. ഉണ്ട്. സംസ്ഥാന സർക്കാരുമായുള്ള കൂടിയാലോചനകൾക്കുശേഷം മറ്റു പദ്ധതികൾ കേന്ദ്രസർക്കാരിന് വിജ്ഞാപനം ചെയ്യാവുന്നതാണ്. ആയതിനാൽ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ മാനദണ്ഡങ്ങൾ സംസ്ഥാനത്തിന്റെ ഭൗതികസാഹചര്യങ്ങൾക്ക് അനുസൃതമായി മാറ്റുന്നതിനാവശ്യമായി താഴെ പറയുന്ന പ്രവർത്തികൾ കൂടി അനുവദനീയമായ പ്രവർത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

1. നെൽകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തികൾ.
2. ഭവനനിർമ്മാണം, അങ്കനവാടികളുടെ നിർമ്മാണം,
3. സമ്പൂർണ്ണ ശുചിത്വത്തിന്റെ ഭാഗമായി വീട്ടുവളപ്പിൽ ഗാർബേജ് പിറ്റ്, സോക്കേജ് പിറ്റ് എന്നിവയുടെ നിർമ്മാണം.

ഇക്കാര്യത്തിൽ ഇതുവരെയും അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല

| | |
|---|---|
| സി. പാലക്കാട് പോലുള്ള നെൽകൃഷി മേഖലയിൽ കൂലി വർദ്ധിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി കാരണമായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി. സംസ്ഥാനത്തൊട്ടാകെ കർഷകത്തൊഴിലാളികളുടെ മിനിമം വേതനം 125 രൂപയാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ദിവസ വേതനവും 125 രൂപയാണ്. |
| ഡി. എങ്കിൽ ഇത് എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; | ഡി. കർഷകരുടെയും കർഷകത്തൊഴിലാളികളുടേയും സംഘടനകളുമായി ചർച്ച ചെയ്തശേഷം പ്രാദേശികമായി ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നുണ്ട്. കൃഷിപ്പണിയുള്ള കാലയളവ് ഒഴിവാക്കിയാണ് എൻ.ആർ.ഇ.ജി.എസ്. പ്രവർത്തികൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 534* 17..07..2008 ൽ മറുപടിക്ക്

## റീസർവ്വേ നടപടികൾക്ക് സ്വകാര്യ പങ്കാളിത്തം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ:<br>ശ്രീ. ജോർജ് എം തോമസ്:<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ:<br>ശ്രീ. വി. എൻ. വാസവൻ: | ശ്രീ. കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) റീ സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഇല്ല<br>വകുപ്പിലെ ജീവനക്കാരുടെ സേവനം വിനിയോഗിച്ച് തന്നെ റീസർവ്വെ പൂർത്തിയാക്കുന്നതിനാണ് വകുപ്പിൽ നടപടി തുടരുന്നത്. |
| (ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) ബാധകമല്ല |
| (സി) സ്വകാര്യ പങ്കാളിത്തം അനുവദിച്ചാൽ ഇതിനായി കേന്ദ്ര സർക്കാർ പ്രത്യേക സഹായം അനുവദിക്കുമോ; | (സി) ബാധകമല്ല |
| (ഡി) സ്വകാര്യ സർവ്വേ ടീമിന്റെ മേൽനോട്ടത്തിന് റവന്യൂ വകുപ്പ് സംവിധാനം ഏർപ്പെടുത്തുമോ? | (ഡി) ബാധകമല്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 535 — 17.7.2008 ൽ മറുപടിക്ക്

## സംസ്ഥാന നികുതി ഭരണത്തിന് ഈ സർക്കാർ വരുത്തിയ മാറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ടി. ജലീൽ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. വി. ചെന്താമരാക്ഷൻ | ഡോ.റ്റി. എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാന നികുതി ഭരണത്തിന് ഈ സർക്കാർ വരുത്തിയ മാറ്റങ്ങൾ വിശദമാക്കാമോ; | (എ) നികുതിഭരണത്തിന്റെ കാര്യക്ഷമത ഉയർത്തി നികുതിവെട്ടിപ്പ് തടയുവാനുതകുന്ന ഒട്ടേറെ നൂതന രീതികൾ വാണിജ്യ നികുതി വകുപ്പിൽ കഴിഞ്ഞ രണ്ട് വർഷങ്ങളായി നടപ്പിലാക്കി വരുന്നു. അതിർത്തി കടക്കുന്ന ചരക്കുകളുടെ കണക്ക് ചെക്ക്പോസ്റ്റുകളിലൂടെ ശേഖരിച്ച് ശാസ്ത്രീയ വിശകലനത്തിന് വിധേയമാക്കി നികുതിവെട്ടിപ്പിനുള്ള പഴുതുകൾ പരമാവധി ഇല്ലാതാക്കാനുള്ള ശ്രമം ഫലപ്രദമായിരുന്നു. സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ മുഴുവൻ അഴിമതി വിമുക്തമാക്കാനുള്ള സർക്കാർ നയത്തിന്റെ പ്രാരംഭപടിയായി നടപ്പാക്കിയ അഴിമതിരഹിത വാളയാർ പദ്ധതി സമ്പൂർണ്ണ വിജയമായിരുന്നു. ചെക്ക്പോസ്റ്റുകളിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാർക്കുള്ള പ്രത്യേക പരിശീലന പരിപാടികൾ, പോലീസ് സംരക്ഷണം ഉറപ്പാക്കാൻ സോഷ്യൽ ആഡിറ്റിങ്, പ്രധാനപ്പെട്ട എല്ലാ ചെക്ക്പോസ്റ്റുകളിലും കമ്പ്യൂട്ടർ സംവിധാനം, ഇലക്ട്രോണിക് വെയ്ബ്രിഡ്ജ് സ്ഥാപിക്കൽ, കാലതാമസം പരമാവധി ഒഴിവാക്കാനുള്ള ഗ്രീൻ ചാനൽ സംവിധാനം, പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെയുള്ള ഡിക്ലറേഷൻ വിതരണ സമ്പ്രദായം, ഹെൽപ് ഡെസ്ക് സേവനം, തുടങ്ങിയവ നികുതി പിരിവ് വർധിപ്പിക്കാനുള്ള തീവ്രശ്രമത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ പ്രധാനപ്പെട്ട നടപടികളായിരുന്നു. മഞ്ചേശ്വരം ചെക്ക്പോസ്റ്റ് അഴിമതിരഹിത അന്തരീക്ഷം സംജാതമാക്കാനുള്ള തീവ്രയത്നത്തിലാണ് വകുപ്പ്.<br>വാണിജ്യനികുതി ഓഫീസുകളിലെ കാര്യക്ഷമത വർദ്ധിപ്പിച്ച് നികുതി വരുമാനം ഉയർത്താനുള്ള നടപടികളും സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടായി. മുഴുവൻ ഓഫീസുകളും കമ്പ്യൂട്ടർ വൽക്കരിക്കാൻ നടപടികൾ സ്വീകരിച്ചു. നികുതി കുടിശ്ശിക പരമാവധി പിരിച്ചെടുക്കാനുള്ള ഭാഗമായുള്ള ആംനസ്റ്റി സ്കീം ഫലപ്രദമായി നടപ്പിലാക്കിവരുന്നു. ഈ പ്രവർത്തനങ്ങൾക്ക് പരിചയസമ്പന്നതയും പ്രതിബദ്ധതയുമുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്തു. ഇതിനു പുറമേ, ഒരു ഊർജ്ജിത അപ്പീൽ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു. പുതുതായി മൂന്ന് അപ്പലേറ്റ് ഓഫീസുകൾ തുടങ്ങി. അധികമായി 7 ഡെപ്യൂട്ടി കമ്മീഷണർമാരെയും 14 അസിസ്റ്റന്റ് കമ്മീഷണർമാരെയും അപ്പീലുകൾ തീർപ്പാക്കുന്നതിനായി നിയോഗിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. |

| | |
|---|---|
| | ഇന്റലിജൻസ് വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 100 ഇൻസ്പെക്ടർമാരെ പുതുതായി നിയമിക്കുകയും ഈ വിഭാഗത്തിന്റെ ഘടന നികുതിവെട്ടിപ്പ് പരമാവധി തടയാനുതകുന്ന രീതിയിൽ ക്രമീകരിക്കുകയും ചെയ്തു. ഇതുകൂടാതെ വാണിജ്യനികുതി, എക്സൈസ്, മോട്ടോർ വെഹിക്കിൾസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഏകീകരിക്കുന്നതിനുമായി 2634.60 ലക്ഷം രൂപ ചെലവ് വരുന്ന ഒരു സംയോജിത ചെക്ക്പോസ്റ്റ് സമുച്ചയം സ്ഥാപിക്കുന്നതിലേക്കായി കിറ്റ്കോ സമർപ്പിച്ച ഒരു പ്രോജക്റ്റ് റിപ്പോർട്ടിന് സർക്കാർ അംഗീകാരം നല്കി. വാളയാർ ചെക്ക്പോസ്റ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 36 വാണിജ്യ നികുതി ഇൻസ്പെക്ടർ, 6 ക്ലാർക്ക്, 45 പ്യൂൺ എന്നീ തസ്തികകൾ പുതുതായി അനുവദിച്ചു. |
| (ബി) വാറ്റ് നികുതി വരുമാനത്തിൽ കഴിഞ്ഞ രണ്ട് വർഷം എന്തു വർദ്ധനവുണ്ടായി; | (ബി) 2006-07ൽ 1536 കോടി രൂപയുടെയും 2007-08ൽ 649.95 കോടി രൂപയുടെയും വർദ്ധനവുണ്ടായിട്ടുണ്ട്. |
| (സി) സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ കഴിഞ്ഞ രണ്ട് വർഷം എന്തുമാത്രം പുരോഗതിയുണ്ടായിട്ടുണ്ട്;വിശദമാക്കുമോ? | (സി) 2005-2006ലെ സംസ്ഥാനത്തിന്റെ തനത് വരുമാനം 10715.40 കോടി രൂപയും 2006-07 ൽ 12879.39 കോടി രൂപയും 2007-08ൽ അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുപ്രകാരം 14877.98 കോടി രൂപയുമാണ്. ഇതനുസരിച്ച് 2006-07ൽ സംസ്ഥാനത്തിന്റെ തനതു വരുമാനം 20.20 ശതമാനവും 2007-2008ൽ 15.52 ശതമാനവും വർദ്ധിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ .536    17.7.2008-ൽ മറുപടിക്ക്

## വിൽപ്പന നികുതി വെട്ടിപ്പു തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ഡോ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ)അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്ന് വിൽപ്പന നടത്തുന്ന ചരക്കുകൾക്ക് നികുതി നൽകാതെ വെട്ടിപ്പു നടത്തുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (എ )യും (ബി) യും<br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിന് സർക്കാർ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, ഇന്റലിജൻസ് വിഭാഗത്തിന്റെ പരിശോധന കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്തു. ഊടുവഴികളിലൂടെയുള്ള കള്ളക്കടത്ത് തടയുന്നതിനായി ആ മേഖലകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ പരിശോധന കാര്യക്ഷമമാക്കി. കൂടുതൽ ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചു. ചെക്ക്പോസ്റ്റുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി വാളയാറിൽ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു. 25 ലക്ഷത്തിൽ കൂടുതൽ നികുതി സമാഹരിക്കുന്ന വ്യാപാരികളും മൊത്ത വിൽപനക്കാരും വിതരണക്കാരും വാൻ സെയിൽ പെർമിറ്റുള്ള മുഴുവൻ വ്യാപാരികളും അവരുടെ പ്രതിമാസ റിട്ടേണുകൾ ഇ-ഫയലിംഗിലൂടെ സമർപ്പിക്കുവാൻ നിഷ്കർഷിച്ചു കൊണ്ട് നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ഇതുമൂലം തുടർ വിൽപന സ്ഥാനത്തുള്ള നികുതി ചോർച്ച ഒഴിവാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | |
|---|---|
| | നികുതി വെട്ടിപ്പ് തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിനു പുറത്തു നിന്നും ഇറക്കുമതി ചെയ്യുന്ന, നികുതി വെട്ടിപ്പിനു സാധ്യതയുള്ള ചില ഉൽപ്പന്നങ്ങളുടെ മേൽ മുൻകൂർ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>വ്യാപാരികൾക്ക് ഭീതിയില്ലാതെ കച്ചവടം ചെയ്യുന്നതിനും നികുതി പിരിവ് സുഗമമാക്കുന്നതിനും വേണ്ടി കോമ്പൗണ്ടിംഗ് സമ്പ്രദായം യുക്തിസഹമായി പുനഃസംവിധാനം ചെയ്തിട്ടുണ്ട്. സ്വർണ്ണം, പാചകം ചെയ്ത ഭക്ഷണം, മെറ്റൽ ക്രഷർ, കോൺട്രാക്ടർമാർ, ബാറുകൾ എന്നിവയ്ക്ക് കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ ടാക്സ് അടയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം. നം. 537 17.07.2008 ൽ മറുപടിക്ക്

## ട്രഷറി സ്ഥിതിയും റവന്യൂ വരുമാനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. അൽഫോൺസ് കണ്ണന്താനം | ബഹു: ധനകാര്യ വകുപ്പ് മന്ത്രി |

| | | |
|---|---|---|
| എ. | ധനമാനേജ്മെന്റിൽ കാര്യക്ഷമത കൈവരിക്കുന്ന കാര്യത്തിൽ സർക്കാർ വിജയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | റവന്യൂ വരുമാനത്തിലുണ്ടായ വർദ്ധനവ്, ക്ഷേമ പെൻഷനുകൾ, സർക്കാർ ഉദ്യോഗസ്ഥരുടെ ഡി.എ കുടിശ്ശിക, കരാറുകാരുടെ ഒരു വർഷം മുമ്പ് വരെ ഉണ്ടായിരുന്ന കുടിശ്ശിക എന്നിവ കൊടുത്തു തീർത്തതിനു ശേഷവും മുൻ കാലങ്ങളെ അപേക്ഷിച്ച് റിസർവ്വ് ബാങ്കിൽ നിന്നുള്ള ഇടക്കാല വായ്പകളെ കൂടുതലായി ആശ്രയിക്കാതെ തന്നെ ട്രഷറി പേയ്മെന്റുകൾ നിയന്ത്രണങ്ങൾ കൂടാതെ നടത്താൻ കഴിഞ്ഞുവരുന്നുണ്ട് എന്നത് ധനമാനേജ്മെന്റിൽ കാര്യക്ഷമത കൈവരിക്കുന്ന കാര്യത്തിൽ സർക്കാർ വിജയിച്ചിട്ടുണ്ട് എന്നതിന് തെളിവാണ്. |
| ബി. | ചെലവുകൾക്ക് പുതുതായി എന്തെങ്കിലും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ടോ; | ചെലവുകൾക്ക് പുതുതായി ട്രഷറി നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തേണ്ടി വന്നിട്ടില്ല എന്നുമാത്രമല്ല മുമ്പുണ്ടായിരുന്ന നിയന്ത്രണങ്ങൾ പടിപടിയായി കുറച്ചുകൊണ്ട് വരികയുമാണ്. |
| സി. | പദ്ധതിത്തുക മാറിയെടുക്കുന്നതിന് കഴിഞ്ഞ സാമ്പത്തികവർഷം ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരുന്നോയെന്ന് അറിയിക്കുമോ; | പദ്ധതിത്തുക മാറിയെടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നില്ല. |

| | | |
|---|---|---|
| ഡി. | കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തെ ട്രഷറി സ്ഥിതി എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | താൽക്കാലിക കണക്കുകളനുസരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷത്തെ അവസാനത്തെ മാസം എല്ലാ ദിവസവും ട്രഷറി ബിൽ ഹോൾഡിംഗിലായിരുന്നു. |
| ഇ. | കരാറുകാർക്കുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്ന കാര്യത്തിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ട്; | 2007-08 കാലഘട്ടത്തിൽ പൊതു മരാമത്ത് (റോഡുകളും പാലങ്ങളും) വിഭാഗത്തിൽ കരാറുകാരുടെ 01.03.2005 മുതൽ 31.12.2006 വരെയുള്ള 22 മാസത്തെ കുടിശ്ശികയായ 686 കോടി രൂപയും പൊതു മരാമത്ത് (കെട്ടിടങ്ങൾ) വിഭാഗത്തിൽ 01.09.2006 മുതൽ 31.12.2007 വരെയുള്ള 16 മാസത്തെ കുടിശ്ശികയായ 213 കോടി രൂപയും ജലസേചന വകുപ്പിൽ 01.08.2005 മുതൽ 31.03.2007 വരെയുള്ള 20 മാസത്തെ കുടിശ്ശികയായ 193.30 കോടി രൂപയും കൊടുത്തു തീർക്കുകയുണ്ടായി. നടപ്പ് സാമ്പത്തിക വർഷത്തിൽ പൊതു മരാമത്ത് (റോഡുകളും പാലങ്ങളും) വിഭാഗത്തിന്റെ 01.01.2007 മുതൽ 31.03.2007 വരെയുള്ള 3 മാസത്തെ കുടിശ്ശികയായ 143 കോടി രൂപയും നൽകിയിട്ടുണ്ട്. |
| എഫ്. | കേരളത്തിന്റെ വേയ്സ് ആന്റ് മീൻസ് പരിധി ഇപ്പോൾ എത്രയാണ്; | കേരളത്തിന്റെ നിലവിലുള്ള വേയ്സ് ആന്റ് മീൻസ് പരിധി 708.58 കോടി രൂപയാണ്. |
| ജി. | സംസ്ഥാനത്തിന്റെ റവന്യൂവരുമാനം പ്രതീക്ഷിച്ച രീതിയിൽ വർദ്ധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | പ്രതീക്ഷിച്ച രീതിയിൽ വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 17. 7.2008- ൽ |
| ചോദ്യം നമ്പർ -538 | മറുപടി നൽകേണ്ടത് |

പണം വകമാറ്റി ചെലവഴിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പ്രൊഫ. കെ. വി. തോമസ്<br>ശ്രീ. കെ. ബാബു<br>ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. കെ. സുധാകരൻ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br><br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉല്പാദനമേഖലയ്ക്കുള്ള പണം വക മാറ്റി ചെലവഴിക്കുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതു തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് എന്തു നിർദ്ദേശമാണ് നൽകിയിട്ടുള്ളത് ; | (ബി) | വക മാറ്റി ചെലവഴിച്ചതിന് തത്തുല്യമായ തുക അടുത്ത വാർഷികപദ്ധതിയിൽ പരിഹാരമാ യി വകയിരുത്തി ന്യൂനത പരിഹരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതികൾ പദ്ധതിക്ക് അംഗീകാരം നൽകുമ്പോൾ തന്നെ ന്യൂനത പരിഹരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതാണ്. |
| (സി) | 2007- 08 സാമ്പത്തിക വർഷത്തിൽ ഇത്തരം സംഭവങ്ങൾ | (സി) | ഉണ്ട്. 300 തദ്ദേശഭരണസ്ഥാപനങ്ങളുടെ കണക്കുകൾ പരിശോധിച്ചപ്പോൾ 48 |

| | | | |
|---|---|---|---|
| | റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ; | | തദ്ദേശഭരണസ്ഥാപനങ്ങൾ ഉത്പാദനമേഖലയുടെ തുക വകമാറ്റിയതായി കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (ഡി) | 2007-08 വാർഷിക പദ്ധതിയിലെ ന്യൂനതകൾ പൂർണ്ണമായും 2008-09 വാർഷിക പദ്ധതിയിൽ പരിഹരിക്കണമെന്നും പദ്ധതിക്ക് അംഗീകാരം നൽകുമ്പോൾ ജില്ലാ ആസൂത്രണസമിതികൾ ഇക്കാര്യം ഉറപ്പാക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

5
8

**പന്ത്രണ്ടാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ.539 — 17.7.2008-ൽ മറുപടിയ്ക്ക്

## പ്രധാനമന്ത്രി ഗ്രാമസഡക് യോജന പദ്ധതിയുടെ വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ജെ.അരുന്ധതി:<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ:<br>ശ്രീ.മഞ്ഞളാംകുഴി അലി :<br>ശ്രീ.രാജു എബ്രഹാം: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) പ്രധാനമന്ത്രി ഗ്രാമസഡക് യോജന എ. (പി.എം.ജി.എസ്.വൈ.) പദ്ധതി പ്രകാരം റോഡ് നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; | ഈ പദ്ധതിയിൽ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br>1. ഈ പദ്ധതിയിൽ ഏറ്റെടുക്കുന്ന റോഡുകൾ ജില്ലാ റോഡ് പ്ലാനിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയതും കേന്ദ്രഗവൺമെന്റ് അംഗീകരിച്ചതുമായ കോർനെറ്റ് വർക്കിൽ ഉൾപ്പെട്ടതായിരിക്കണം.<br>2. ഇപ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് 8 മീറ്റർ ഫോർമേഷൻ വീതി ലഭ്യമാണെന്ന് സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.<br>3. പുതിയ റോഡുകളുടെ കാര്യത്തിൽ ഗ്രാമപ്രദേശങ്ങളിൽ 500 മീറ്ററിലധികം ദൂരത്തിൽ (കുന്നിൻ പ്രദേശങ്ങളിൽ 1.50 കി.മീ) ഒറ്റപ്പെട്ടുകിടക്കുന്ന 500 ൽ അധികം ജനസംഖ്യയുള്ള ആവാസകേന്ദ്രങ്ങളെ മെച്ചപ്പെട്ട റോഡുമായോ റോഡ് ബന്ധിതമായ മറ്റൊരു ആവാസ കേന്ദ്രവുമായോ എല്ലാ കാലാവസ്ഥയിലും ബന്ധിപ്പിക്കുന്ന റോഡുകളായിരിക്കണം.<br>4. കോർനെറ്റ് വർക്കിൽ ഉൾപ്പെട്ട നിലവിലുള്ള റോഡുകളുടെ അഭിവൃദ്ധിപ്പെടുത്തലും നിബന്ധനകൾക്ക് വിധേയമായി ഈ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്.<br>5. അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഏറ്റെടുക്കുന്ന റോഡുകൾ തികച്ചും ഗ്രാമീണ റോഡുകളായിരിക്കേണ്ടതും ആയതിന്റെ പേവ്മെന്റ് സൂചിക രണ്ടോ അതിൽ താഴെയോ ആയിരിക്കേണ്ടതുമാണ്.<br>6. കോർനെറ്റ് വർക്കിൽ ഉൾപ്പെട്ട റോഡുകളുടെ മുൻഗണനാ പട്ടിക ബ്ലോക്ക് അടി |

സ്ഥാനത്തിൽ ജനസംഖ്യാനുപാതികമായി തയ്യാറാക്കുന്നു. ഈ പട്ടികയിൽ നിന്നും ഓരോ വർഷവും ഏറ്റെടുക്കേണ്ടതായ റോഡുകളുടെ ക്രമപ്രകാരമുള്ള പട്ടിക ജില്ലാ പഞ്ചായത്ത് തയ്യാറാക്കുന്നു. അപ്രകാരം തയ്യാറാക്കുന്ന പട്ടികയിൽ എം.പി.-യുടെയും, എം.എൽ.എ.-യുടെയും നിർദ്ദേശങ്ങൾക്ക് മതിയായ പരിഗണന നൽകേണ്ടതാണ്.

7. ജില്ലാ പഞ്ചായത്ത് തയ്യാറാക്കുന്ന റോഡുകളുടെ മുൻഗണനാപട്ടിക ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കണം.

8. എല്ലാ ജില്ലയുടെയും ഓരോ വർഷവും ഏറ്റെടുക്കേണ്ട റോഡുകളുടെ പട്ടികയ്ക്ക് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം നൽകണം.

9. അപ്രകാരം അംഗീകാരം ലഭിയ്ക്കുന്ന പട്ടികയിൽ നിന്നുള്ള റോഡുകൾക്ക് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കണം.

10. വിശദമായി പ്രോജക്റ്റ് റിപ്പോർട്ടുകൾ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ ഏജൻസി സൂക്ഷ്മ പരിശോധന നടത്തണം.

11. സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ ഏജൻസി അംഗീകാരം നൽകുന്ന വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകളാണ് സംസ്ഥാനത്തിന്റെ പ്രൊപ്പോസലായി കേന്ദ്രസർക്കാരിന് നൽകുന്നത്.

12. കേന്ദ്രസർക്കാർ അംഗീകാരം നൽകുന്ന റോഡുകൾ നിർമ്മിക്കുന്നതിനുള്ള 100% ചെലവും കേന്ദ്രസർക്കാർ വഹിക്കും.

13. റോഡ് നിർമ്മിക്കുന്നതിന് സ്ഥലമെടുപ്പ് ആവശ്യമായി വരുകയാണെങ്കിൽ അതിന്റെ ചെലവും, റോഡ് നിർമ്മിക്കുമ്പോൾ നിലവിലുള്ള യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കേണ്ടി വരികയാണെങ്കിൽ അതിന്റെ ചെലവും സംസ്ഥാന സർക്കാർ വഹിക്കണം.

14. ഈ പദ്ധതിക്ക് കേന്ദ്രഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള Standard Bidding Document പ്രകാരം അനുയോജ്യരായ കരാറുകാരുമായി മാത്രമേ ടെണ്ടർ ഉറപ്പിക്കാൻ പാടുള്ളൂ.

15. കേന്ദ്രസർക്കാർ അംഗീകരിച്ച എസ്റ്റിമേറ്റിൽ അധികരിച്ച തുക കേന്ദ്രസർക്കാർ വഹിക്കുന്നതല്ല.

18. കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ച തീയതി മുതൽ 15 മാസത്തിനകം റോഡുകളുടെ പണി പൂർത്തീകരിച്ചിരിക്കണം.

| | |
|---|---|
| ബി. ഇതുവരെ എത്ര കിലോമീറ്റർ റോഡിനാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളത്; | ബി. ഈ പദ്ധതിയിൽ 2000-2001 മുതൽ 2007-08 വരെ 1570.316 കി.മീ. ദൈർഘ്യവും 493.29 കോടി രൂപ അടങ്കലുമുള്ള 772 റോഡുകൾക്കാണ് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളത്. |
| സി. ഈ സർക്കാർ വന്നതിനുശേഷം എത്ര കിലോമീറ്റർ റോഡിന് അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്; | സി. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 733.272 കി.മീ. ദൈർഘ്യവും 294.20 കോടി രൂപ അടങ്കലുമുള്ള 322 റോഡുകളുടെ അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞു. |
| ഡി. ഇപ്പോൾ എത്ര കിലോമീറ്റർ റോഡിന്റെ നിർമ്മാണം നടന്നു വരുന്നു; | ഡി. 755.310 കി.മീ. റോഡിന്റെ നിർമ്മാണം നടന്നുവരുന്നു. |
| ഇ. 100 ശതമാനം കേന്ദ്ര സഹായമുള്ള ഈ പദ്ധതി യഥാസമയം പൂർത്തിയാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ ? | ഇ. പി.എം.ജി.എസ്.വൈ. പ്രകാരമുള്ള പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 540 — 17.07.2008 ൽ മറുപടിയ്ക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നെൽകൃഷി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.പി.കെ.അബ്ദുറബ്ബ് | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തരിശ് കിടക്കുന്ന ഭൂമിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നെൽകൃഷി നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) പതിനൊന്നാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിന്റെ ഭാഗമായി തരിശുനിലങ്ങളിൽ നെൽ കൃഷി ചെയ്യുന്നതിനും പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും സ്ഥലാധിഷ്ഠിത സമീപനത്തോടെ ജനകീയാസൂത്രണം, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി എന്നിവ സമന്വയിപ്പിച്ച് വിവിധ പ്രവർത്തനങ്ങൾ ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. കൃഷി യോഗ്യമാക്കാൻ കഴിയുന്ന എല്ലാ തരിശു നിലങ്ങളും നെൽപ്പാടങ്ങളാക്കി മാറ്റുകയെന്നതാണ് ലക്ഷ്യം. ആദ്യ ഘട്ടമെന്ന നിലയിൽ |

| | | | |
|---|---|---|---|
| | | | 2008-09 പദ്ധതിയിൽ ഒരു പഞ്ചായത്തിൽ ശരാശരി 10 ഏക്കർ ഭൂമിയെങ്കിലും കൃഷിയോഗ്യമാക്കി ഉദ്പാദനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും സബ്സിഡി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്തു. മാർഗ്ഗനിർദ്ദേശത്തിന്റെയും സബ്സിഡി മാനദണ്ഡങ്ങളുടെയും പകർപ്പ് അനുബന്ധമായി വെച്ചിരിക്കുന്നു. ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാരുടെ യോഗം വിളിച്ചു ചേർത്ത് വിശദാംശങ്ങൾ ചർച്ച ചെയ്യുകയും ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ